മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*121)....

## കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻ നടപടി

1 (*121) ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം
( ശ്രീ. കെ. യു. ജനീഷ് കുമാർ):
ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എന്തെല്ലാം സേവനങ്ങളാണ് യാത്രക്കാർക്ക് ഓൺലൈനിൽ ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ബി) പൊതുഗതാഗത രംഗത്തെന്നപോലെ ഇന്ധന വിതരണ മേഖലയിലും കെ.എസ്.ആർ.ടി.സി.-ക്ക് ചുവടുറപ്പിക്കാൻ പദ്ധതികളുണ്ടോ; ഇന്ധന വിതരണ രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കൂടുതൽ ഫ്യുവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

(എ) കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ

നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്ന ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും പ്രീമിയം AC ബസ്സുകളും കാലപ്പഴക്കത്താൽ സ്ഥിരമായി സർവീസ് നടത്താൻ കഴിയുന്നില്ല. നിലവിലെ AC ബസ്സുകൾക്ക് ചെലവ് കൂടുതലാണെങ്കിലും യാത്രക്കാരുടെ സ്വീകാര്യത വളരെ ഉയർന്നതാണ്. ആയതിനാൽ ഇപ്പോൾ സർവീസ് നടത്തിവരുന്ന പഴയ സൂപ്പർഫാസ്റ്റ് ബസ്സുകൾ, ലോ ഫ്ലോർ AC ബസ്സുകൾ എന്നിവയ്ക്ക് പകരമായി സാധാരണ ജനങ്ങൾക്കുകൂടി ഗുണകരമായ നിലയിൽ ചെലവ് കുറഞ്ഞ 4 സിലിണ്ടർ എഞ്ചിനുള്ള ഡീസൽ മൈലേജ് കൂടിയതും താരതമ്യേന വില കുറഞ്ഞതുമായ AC ബസ്സുകൾ ലഭ്യമാക്കി സർവീസ് നടത്തുവാനാണ് പദ്ധതി. ഇത്തരത്തിൽ ചെലവ് കുറയ്ക്കുന്നതിലൂടെ ലഭിക്കുന്ന ആനുകൂല്യം ജനങ്ങൾക്കുകൂടി നൽകിക്കൊണ്ട് ലോ ഫ്ലോർ എ.സി. ബസ്സുകളേക്കാൾ കുറഞ്ഞ നിരക്കിലും

സൂപ്പർ ഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസ്സുകളേക്കാൾ കൂടിയതും ട്രെയിൻ നിരക്കുകളുമായി താദാത്മ്യമുള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ യാത്രക്കാർക്ക് ബസ്സിൽ ആധുനിക സൗകര്യങ്ങളും പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും മൊബൈൽ ആപ്പ് വഴി മുൻകൂട്ടി റിസർവ് ചെയ്ത ദീർഘദൂര യാത്രക്കാർക്ക് എവിടെനിന്നും നാമമാത്രമായ കൺവീനിയൻസ് ചാർജ് നൽകി കയറുവാനുമുള്ള സംവിധാനങ്ങളോടെ ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതി വിജയകരമായി പൂർത്തിയായിട്ടുണ്ട്. ഇതിനായി പത്ത് പുതിയ ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. <u>നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ</u>

വലിപ്പം കുറഞ്ഞ നാല് സിലിണ്ടർ എഞ്ചിനോട് കൂടിയ പുതിയ 40 സീറ്റർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ലഭ്യമാക്കി നിലവിൽ യാത്രക്കാർ കുറവുള്ളതും എന്നാൽ ഡിമാന്റുള്ളതുമായ ഒറ്റപ്പെട്ട റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും ഓപ്പറേറ്റ് ചെയ്തുവരുന്ന വലിയ 6 സിലിണ്ടർ ഡീസൽ ബസ്സുകൾക്ക് പകരം നൽകി ചെലവ് ചുരുക്കി നഷ്ടം കുറക്കുന്നതിനുള്ള പദ്ധതി പ്രകാരം വിജയകരമായി

ട്രയൽ റൺ പൂർത്തീകരിച്ചു. ഇപ്രകാരം 220 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റി ചെലവ് കുറച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്.

3. <u>നോൺ എ.സി. ഓർഡിനറി ബസ്</u>

കോർപ്പറേഷന്റെ നിലവിലുള്ള വലിയ ബസ്സുകൾ ഉപയോഗിച്ച് സർവീസ് നടത്താൻ സാധിക്കാത്ത റൂട്ടുകളിലേക്ക് നിലവിൽ വലിയ ബസ്സുകൾക്ക് അനുസൃതമായി യാത്രക്കാരെ ലഭ്യമല്ലാത്തതും സാമൂഹ്യ പ്രതിബദ്ധതയിൽ ഓപ്പറേറ്റ് ചെയ്തുവരുന്നതുമായ സർവീസുകളുടെ ചെലവ് ചുരുക്കി ഓപ്പറേറ്റ് ചെയ്യുന്നതിന് 28-34 സീറ്റുകളുള്ള ബസ്സുകൾ ഉപയോഗിക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനായി ട്രയൽ റൺ വിജയകരമായി നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4. <u>ബസ് സ്റ്റേഷനുകളുടെ നവീകരണം</u>

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് Ladies and Family Waiting Area കെ.എസ്.ആർ.ടി.സി.-ക്ക് യാതൊരു അധിക ചെലവുമില്ലാതെ CSR ഫണ്ട് വിനിയോഗിച്ച് VIVO

എന്ന കമ്പനി സ്പോൺസർ ചെയ്ത സംവിധാനം KSRTC തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട് ഡിപ്പോകളിൽ പ്രവർത്തനം ആരംഭിച്ചു. അങ്കമാലി യൂണിറ്റിലും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ പ്രസ്തുത പദ്ധതി കഴിയുന്നത്ര എല്ലാ യൂണിറ്റുകളിലും നടപ്പിലാക്കുന്നതിനാണ് ആലോചിക്കുന്നത്.

യാത്രക്കാരുടെ ഏറ്റവും പ്രധാനമായ ആവശ്യമായി നിലനിന്നിരുന്ന ബസ് സ്റ്റേഷനുകളിൽ ശുചിത്വമുള്ള പൊതു ശൗചാലയങ്ങൾ സ്ഥാപിക്കുക എന്നത് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പൊതു ശൗചാലയങ്ങളുടെ നിലവിലെ ലൈസൻസികളുടെ കാലാവധി തീരുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനം M/s. Sulabh International എന്ന Non Governmental Organisation-ന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു.

കെ.എസ്.ആർ.ടി.സി.-യുടെ ബസ്സ് ഡിപ്പോകൾ സൗന്ദര്യവത്കരിക്കുക എന്ന ലക്ഷ്യത്തോടെ ഡിപ്പോകൾ ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ബസ് വാഷിംഗ്</u>

കെ.എസ്.ആർ.ടി.സി. ബസുകൾ കഴുകി വൃത്തിയാക്കുന്നതിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ് വാഷിംഗ് ഗുണമേന്മ പരിശോധനാ ഷീറ്റ്, ഫുൾ വാഷ് ചെയ്യുന്ന ബസ്സുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതിന് ഹൗസ് കീപ്പിംഗ് സൂപ്പർ വൈസർ / വെഹിക്കിൾ സൂപ്പർവൈസർ/ചാർജ്ജ്മാൻ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

നിലവിൽ പ്രതിദിനം ശരാശരി 2500-നും 2700-നും ഇടയ്ക്ക് ബസ്സുകൾ കഴുകി വൃത്തിയാക്കി സർവീസിന് നൽകുന്നുണ്ട്. High Pressure pump-കൾ ഉപയോഗിച്ച് ബസ് വാഷിംഗ് നടത്തുന്നതിനുള്ള പ്രായോഗികത പരിശോധിക്കുന്നതിനായി 6 എണ്ണം High Pressure pump-കൾ മേജർ യൂണിറ്റുകളിൽ ലഭ്യമാക്കി ഉപയോഗിച്ചുവരുന്നു.

5. <u>പുതിയ ബസ്സുകൾ</u>

കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻ 116 ഡീസൽ ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് സർവീസ് നടത്തിവരുന്നു. കൂടാതെ 115 ഇ-ബസ്സുകൾ

തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് സർവീസ് നടത്തിവരുന്നു.

6. <u>ഡെസ്റ്റിനേഷൻ നമ്പറിംഗ്</u>

ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ഭാഷാ പ്രശ്നമില്ലാതെ അയൽ സംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന തരത്തിലും ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമത്തിനൊപ്പം നമ്പർകൂടി ഉൾപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾക്ക് എളുപ്പത്തിലും വ്യക്തമായും വായിച്ച് മനസിലാക്കാവാൻ കഴിയുന്നവിധം ഡെസ്റ്റിനേഷൻ ബോർഡുകൾ പുതുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. <u>യുണീക്ക് ഷെഡ്യൂൾ നമ്പർ</u>

കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഷെഡ്യൂളുകൾക്കും പ്രത്യേകമായി നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കേന്ദ്രീകൃത സംവിധാനത്തിലൂടെ പ്രത്യേകം പ്രത്യേകം തിരിച്ചറിയുവാൻ കഴിയുന്ന "യുണീക്ക് ഷെഡ്യൂൾ നമ്പർ"

നൽകുന്നതിനും ഇതിലൂടെ നൂതന ഇ.റ്റി.എം. സംവിധാനം ഉപയോഗപ്പെടുത്തി ഡാറ്റ പ്രോസസിംഗ്, വിവരം ശേഖരണം എന്നിവ കുറ്റമറ്റതാക്കുന്നതിനും കഴിയും. എല്ലാ യൂണിറ്റുകളിലും യുണീക്ക് ഷെഡ്യൂൾ നമ്പർ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. ഇത് കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂൾ ട്രിപ്പ് വൈസ് കളക്ഷൻ വിവരങ്ങൾ പരിശോധിച്ച് ക്രമീകരിക്കുവാനും സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുവാനും സഹായിക്കും.

8. <u>വർക്ക്ഷോപ്പുകളുടെ ആധുനികവൽക്കരണം</u>

റീജിയണൽ/സെൻട്രൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിനായി പ്രസ്തുത വർക്ക്ഷോപ്പുകളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ആയതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിൽ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണ സംവിധാനവും ആധുനിക ടൂൾസ് ആൻഡ് എക്യൂപ്മെന്റ്സ് ലഭ്യമാക്കുകയും ചെയ്ത് കൂടുതൽ ജീവനക്കാരെ നിയോഗിച്ച് എഞ്ചിൻ പ്രൊഡക്ഷൻ ശരാശരി 18 ആയിരുന്നത് 42 ആയി

വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. ടി സംവിധാനം മറ്റ് റീജിയണൽ വർക്ക്ഷോപ്പുകളിലും നടപ്പിൽവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത മാതൃകയിൽ ഗിയർ ബോക്സ്, ഫ്രന്റ് ആക്സിൽ, റിയർ ആക്സിൽ, സ്റ്റിയറിംഗ് ബോക്സ്, ബ്രേക്ക് യൂണിറ്റ്സ് തുടങ്ങിയ റീകണ്ടീഷനിംഗ് ഷോപ്പുകളിലും എയർ കണ്ടീഷൻ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തികളുടെയും ആധുനിക ടൂൾസ് അനുവദിച്ചതിന്റെയും മെക്കാനിക്കൽ ജീവനക്കാരെ പുനഃക്രമീകരിച്ചതിന്റെയും ഭാഗമായി ബസുകളുടെ ഓഫ്റോഡ് ഗണ്യമായി കുറയ്ക്കുന്നതിന് (500-ൽ താഴെയായി) സാധിച്ചിട്ടുണ്ട്.

9. <u>ആധുനികവൽക്കരണത്തിന്റെ ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾ</u>

കായംകുളം ഡിപ്പോയിലെ പഴയ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡിപ്പോകൾ നവീകരിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുത്ത 11 ഡിപ്പോകളിൽ പെയിന്റിംഗ് പ്രവൃത്തികൾ നടത്തുന്നതിനായി ടെൻഡർ ക്ഷണിച്ച് നടപടി സ്വീകരിച്ചുവരുന്നു.

കരുനാഗപ്പള്ളി യൂണിറ്റിലെ നവീകരിച്ച ഓഫീസ് കെട്ടിടത്തിന്റെ ഒന്നാം നിലയുടെ ഉദ്ഘാടനം 18-01-2024-ന് നടത്തുകയുണ്ടായി. സ്ത്രീ/പുരുഷ ജീവനക്കാരുടെ വിശ്രമ മുറികളിൽ എയർ കണ്ടീഷൻ സ്ഥാപിച്ചു.

നവീകരിച്ച ആലുവ ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടനം 10-02-2024-ന് നടത്തുകയുണ്ടായി.

10. <u>കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ</u>

കുറഞ്ഞ ചെലവിൽ ഗുണമേന്മയേറിയ ഡ്രൈവിംഗ് ലൈസൻസുകൾ നൽകി അപകടരഹിത ഡ്രൈവിംഗ് സംസ്കാരം രൂപപ്പെടുത്തുന്നതിനും ഡ്രൈവർമാരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നൂതന നയപരിപാടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിംഗ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽക്കൂടി ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡ്രൈവിംഗ് പരിശീലിക്കുന്ന വിദ്യാർത്ഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിംഗ് സ്കൂളുകളിൽ സജ്ജമാക്കിവരുന്നു. കൂടാതെ പരിശീലനം നേടുന്നവർക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശനത്തിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളുടേയും പ്രവർത്തന രീതികൾ നേരിൽക്കണ്ട് വിശദമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവത്ക്കരണ ക്ലാസ്സുകൾ, ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവത്ക്കരണ ക്ലാസുകൾ എന്നിവയും നൽകിവരുന്നു.

നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയ ശതമാനം 81%) ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ 424-ാമത് ഭരണസമിതി യോഗം തീരുമാനമെടുത്ത് തുടർ നടപടി സ്വീകരിച്ചുവരുന്നു.

11. ബഡ്ജറ്റ് ടൂറിസം

2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ നൂതന പദ്ധതിയായ ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിവരുന്നത്.

അന്തർ സംസ്ഥാന ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

12. കെ.എസ്.ആർ.ടി.സി.-യിൽ ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് (വിരലടയാളം) അറ്റൻഡൻസ് സിസ്റ്റം.

492 പഞ്ചിംഗ് മെഷീനുകൾ വാങ്ങി, കെ.എസ്.ആർ.ടി.സി.-യുടെ യൂണിറ്റുകൾ (93), സോണൽ ഓഫീസുകൾ (3), വർക്ക്ഷോപ്പുകൾ (5) എന്നിവിടങ്ങളിൽ ടി പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

ശമ്പളം കണക്കാക്കുന്നതിനുള്ള SPARK ആപ്ലിക്കേഷനുമായി ഇത് സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

13. കൊറിയർ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സംവിധാനം 15-06-2023 മുതൽ ആരംഭിച്ചു. കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് 16 മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും. നിലവിൽ 47 ഡിപ്പോകളിൽ ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. Door to door pickup & delivery

(വാതിൽപ്പടി സേവനങ്ങൾ) നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.

14. ഇ-ഓഫീസ്

ഫയൽ നീക്കങ്ങൾ സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ജനുവരി 2024 മുതൽ ചീഫ് ഓഫീസിൽ ഇ-ഫയലിംഗ് സംവിധാനം ആരംഭിക്കുകയും നിലവിൽ എല്ലാ വിഭാഗങ്ങളും ഇ-ഫയൽ സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

15. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് സൊല്യൂഷൻ

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിംഗ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു

ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

16. <u>ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ</u>

ടോൾ പ്ലാസകളിൽ ഫാസ്ടാഗിന്റെ ഫീസ് അടയ്ക്കുന്നതിനായി മോട്ടോ ഫ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി.-ക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത്. ടി സ്ഥാപനം ടോൾ പ്ലാസ ഫാസ്ടാഗ് പേയ്മെന്റുകളിലെ റിട്ടേൺ യാത്രാനിരക്ക് കണക്കുകൂട്ടൽ, പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്ക് കൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും ഫാസ്ടാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് വിവാദ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും ചെയ്യും.

തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി.-യുമായി പങ്കിടുന്നതുവഴി വരുമാന ചോർച്ച തടയുവാൻ സാധിക്കും.

17. <u>ഓൺലൈൻ സ്റ്റുഡൻസ് കൺസഷൻ സംവിധാനം</u>

വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. "www.concessionksrtc.com" എന്ന വെബ്സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്.

അപേക്ഷകർക്ക് അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനായി SMS സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

18. <u>ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം</u>

കെ.എസ്.ആർ.ടി.സി.-യിലേക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും നൂതന സൗകര്യങ്ങളോടുകൂടി പരിഷ്ക്കരിച്ച ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "ente ksrtc neo OPRS" എന്ന മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ "ഗ്രൂപ്പ് ടിക്കറ്റ്

ഓപ്ഷൻ" മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും. "റൗണ്ട് ടിക്കറ്റ്" ബുക്ക് ചെയ്യുമ്പോൾ ടിക്കറ്റ് തുകയുടെ 10% ഇളവ് ലഭിക്കുന്നതാണ്.

'ചലോ ആപ്പ് വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിൽ ഓടുന്ന ബസുകൾ ലിസ്റ്റ് ചെയ്യുകയും ടി ലിസ്റ്റിൽനിന്നും ഓൺലൈനായി ഡിജിറ്റൽ ടിക്കറ്റ് എടുക്കുവാൻ സാധിക്കുന്നതുമാണ്. ടി സംവിധാനംവഴി പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ടിക്കറ്റ് പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുവാനും സാധിക്കും.

19. <u>ലൈവ് ടിക്കറ്റിംഗ്</u>

കെ.എസ്.ആർ.ടി.സി. ബസുകളിൽ ട്രിപ്പ് സ്റ്റാർട്ട് ചെയ്തതിനുശേഷം ഒഴിവുള്ള സീറ്റുകളിൽ കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റ്

/ആപ്പ് മുഖേന സീറ്റുകൾ ബുക്ക് ചെയ്യാൻ സാധിക്കും എന്നതാണ് ലൈവ് ടിക്കറ്റിംഗിലൂടെ ഉദ്ദേശിക്കുന്നത്.

പ്രസ്തുത സംവിധാനം M/s. Mantis Technologies Pvt. Ltd. മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. പാപ്പനംകോട് യൂണിറ്റിലെ മൂന്ന് ജീവനക്കാർക്ക് തൽസംബന്ധമായി നൽകുകയും പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം-കോഴിക്കോട് റൂട്ടിലെ ലോ ഫ്ലോർ എ.സി. ബസുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതൽമുടക്കില്ലാതെ പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 14 ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ ഏറ്റവും

വലിയ ഇന്ധന വിതരണ ഔട്ട്‌ലെറ്റ് ശൃംഖലയാകാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി, വികാസ് ഭവൻ, ചടയമംഗലം, കിളിമാനൂർ, ചേർത്തല, മൂന്നാർ, മൂവാറ്റുപുഴ, ചാലക്കുടി, കോഴിക്കോട്, നോർത്ത് പറവൂർ, മാവേലിക്കര, തൃശ്ശൂർ, ഗുരുവായൂർ, പൊൻകുന്നം എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലാണ് ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുള്ളത്. പെരുമ്പാവൂർ ഡിപ്പോയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. കേരളത്തിലെ പൊതുഗതാഗത രംഗത്ത് എന്നതുപോലെ ഇന്ധന വിതരണ രംഗത്തും കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസിനെ ഒരു പ്രമുഖ ഇന്ധന വിതരണ ശൃംഖലയായി പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പ്രതിദിനം ശരാശരി 250 KL ഡീസലാണ് യാത്രാ ഫ്യൂവൽസിൽനിന്നും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നൽകിവരുന്നത്. 2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയേക്കാൾ കൂടിയ നിരക്കാണ് ഈടാക്കിവരുന്നത്. യാത്രാ ഫ്യൂവൽസ് വഴി

കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധന വിതരണം നടത്തിയതിലൂടെ ബൾക്ക് പർച്ചേഴ്സർ റേറ്റ് പ്രകാരം കെ.എസ്.ആർ.ടി.-ക്ക് ഉണ്ടാകുമായിരുന്ന ഏകദേശം 215 കോടിയോളം രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഇതുവരെ ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. യാത്രാ ഫ്യൂവൽസ് വഴി പൊതുജനങ്ങൾക്കുള്ള പ്രതിദിന വില്പന ശരാശരി 73 KL കടന്നിട്ടുണ്ട്. ഇപ്രകാരം പൊതുജനങ്ങൾക്ക് യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റുകൾ മുഖേന ഇന്ധനവിതരണം നടത്തിയതിലൂടെ 2024 ആഗസ്റ്റ് മാസം വരെ ഏകദേശം 554.95 കോടി രൂപയുടെ വിറ്റുവരവ് നടത്തുവാനും അതിലൂടെ ഏകദേശം 16.50 കോടിയോളം രൂപയുടെ ഡീലർ കമ്മീഷൻ നേടുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇതുവരെ 14 ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. പെരുമ്പാവൂർ ഡിപ്പോയിൽ പുതിയ ഔട്ട്‌ലെറ്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. കൂടുതൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ശബരിമല തീർത്ഥാടനം ആരംഭിക്കാൻ പോകുകയാണ്, ശബരിമലയിൽ എത്തിച്ചേരുന്ന

ഭക്തജനങ്ങൾക്ക് ഏറ്റവും കൂടുതൽ സൗകര്യം നൽകുന്നത് നമ്മുടെ കെ.എസ്.ആർ.ടി.സി.-യാണ്. ഇത്തവണത്തെ തീർത്ഥാടകർക്കുവേണ്ടി എന്തെല്ലാം സൗകര്യങ്ങളാണ് കെ.എസ്.ആർ.ടി.സി. ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശബരിമല സർവീസുകൾ ഏറ്റവും ഭംഗിയായി നടത്താനുള്ള പദ്ധതികൾ കെ.എസ്.ആർ.ടി.സി. തയ്യാറാക്കിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ ഇല്ല എന്നതും 15 വർഷം കഴിഞ്ഞ വാഹനങ്ങൾ സ്ക്രാപ് ചെയ്യണമെന്ന കേന്ദ്രഗവൺമെന്റിന്റെ നയവും ശബരിമല സർവീസിന്റെ കാര്യത്തിൽ വെല്ലുവിളിയായി നിൽക്കുന്നുണ്ടെങ്കിലും അപകടം വരാത്ത രീതിയിൽ അതെല്ലാം കൈകാര്യം ചെയ്യുന്നുണ്ട്. പഴയ വണ്ടികളാണെങ്കിലും ധാരാളം വണ്ടികൾ ശബരിമല സർവ്വീസിനായി തയ്യാറാക്കിയിട്ടുണ്ട്, അവയെല്ലാം കൃത്യമായി ഓടിക്കാനും സാധിക്കും. കഴിഞ്ഞ വർഷത്തേക്കാൾ മികച്ച രീതിയിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കും.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ സൗകര്യവും വൃത്തിയും ശുചിത്വവുമുള്ള ശൗചാലയങ്ങൾ

സ്ഥാപിക്കുന്നതിനും അത് വൃത്തിയോടും വെടിപ്പോടുംകൂടി നിലനിർത്തുന്നതിനും പ്രത്യേകമായി എന്തെങ്കിലും നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കാത്തിരിപ്പ് സൗകര്യം, നല്ല ഭക്ഷണം, വൃത്തിയുള്ള ശൗചാലയങ്ങൾ എന്നിവ ഒരു യാത്രയിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണ്. അത്യന്താപേക്ഷിതമായ ഇക്കാര്യങ്ങൾ ഒരുക്കുന്നതിനും കേരളത്തിലെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലെ ശൗചാലയങ്ങളുടെ സ്ഥിതി ശോചനീയമാണെന്നതുകൊണ്ടും നിലവിലെ അവസ്ഥ മാറ്റുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ ആലുവ, കരുനാഗപ്പള്ളി, തിരുവനന്തപുരം, കൊട്ടാരക്കര തുടങ്ങി 10 ഡിപ്പോകൾ Sulabh International എന്ന Non Governmental Organisation-ന് കൈമാറിക്കഴിഞ്ഞു, അവർ സുൽത്താൻ ബത്തേരി വരെയുള്ള സ്ഥലങ്ങൾ ഇതിനായി ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ അവർതന്നെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള നവീകരണ പ്രവർത്തനങ്ങൾ

നടന്നുവരികയാണ്, കൂടുതൽ സ്റ്റേഷനുകൾ Sulabh International-ന് കൈമാറാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കെ.എസ്.ആർ.ടി.സി.-യുടെ പല ഡിപ്പോകളും വരുമാനം വർദ്ധിപ്പിച്ച് സ്വയം നിലനിൽപ്പിന് സഹായകരമാകുന്ന അവസ്ഥയിലേയ്ക്ക് വരുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും ഗതാഗത വകുപ്പിന്റെയും ഇടപെടൽ അങ്ങേയറ്റം സ്വാഗതാർഹമാണ്. വരുമാനം ഇനിയും കൂടുതലായി വർധിപ്പിക്കുന്നതിന് തൊഴിലാളികളെ കൂടുതൽ വിശ്വാസത്തിലെടുത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുമോ; വരുമാനം വർധിക്കുന്നതിനനുസരിച്ച് തൊഴിലാളികൾക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകകൾ ലഭ്യമാക്കുന്നതിനും സർക്കാരിന്റെ ബാധ്യത കുറച്ചുകൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിക്കുമോ; പരിഷ്കരണത്തിന്റെ ഭാഗമായി കൂടുതൽ ഫ്യുവൽ ഔട്ട്ലെറ്റുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട അംഗം രണ്ടുമൂന്ന് ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്, എല്ലാത്തിനും ഉത്തരം പറയാം. ആദ്യത്തേത് വരുമാനം വർധിപ്പിക്കുന്നതിനെക്കുറിച്ചാണ്, നമുക്ക് ഏറ്റവും സന്തോഷിക്കാവുന്ന

ഒരുകാര്യം കെ.എസ്.ആർ.ടി.സി.-യുടെ 93 ഡിപ്പോകളിൽ 85 ശതമാനം (93 എണ്ണം) ഡിപ്പോകളും ഒന്നുകിൽ ലാഭം അല്ലെങ്കിൽ ലാഭമോ നഷ്ടമോ ഇല്ലാത്ത അവസ്ഥ സംജാതമാകുന്ന നിലയിലേയ്ക്ക് കൊണ്ടുവരാൻ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും കഴിഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ അവരെ അഭിനന്ദിക്കേണ്ടതാണ്. 9 കോടി രൂപയാണ് അവർക്ക് കൊടുത്തിരിക്കുന്ന ടാർഗറ്റ്, അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ അവർ ആരംഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഡിപ്പോകളിൽനിന്നും ഏതെങ്കിലും ബസ് റൂട്ടുകൾ മെച്ചമുള്ളതാണെന്ന് എഴുതി അയയ്ക്കുമ്പോൾ ചീഫ് ഓഫീസിൽനിന്നും അനുവാദം നൽകുന്നതിന് കാലതാമസമുണ്ടാകുമായിരുന്നു, എന്നാൽ ആ സ്ഥിതിക്ക് ഇപ്പോൾ മാറ്റമുണ്ട്, അതാത് ഡിപ്പോകളിൽനിന്നുതന്നെ ബസ് ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവാദം നൽകുന്നുണ്ട്. രണ്ടാഴ്ച ആ സർവീസ് നിരീക്ഷിച്ചശേഷം ലാഭകരമാണെങ്കിൽ റൂട്ട് തുടരാം. അതാത് യൂണിറ്റിലെ ഉദ്യോഗസ്ഥർക്കും യൂണിയൻ പ്രതിനിധികൾക്കും ജീവനക്കാർക്കും ലാഭകരമായ ഷെഡ്യൂളുകൾ കണ്ടെത്താനും ഓപ്പറേറ്റ് ചെയ്യാനും ഇപ്പോൾ കഴിയുന്നുണ്ട്. ഇത്തരമൊരു സംവിധാനം കൊണ്ടുവന്നപ്പോഴാണ് പ്രവർത്തന നഷ്ടമില്ലാത്ത അവസ്ഥയിലേയ്ക്ക്

വന്നത്. ഞാൻ ഇപ്പോൾ സൂചിപ്പിച്ചത് ആയിരക്കണക്കിന് കോടി രൂപയുടെ പഴയ കടത്തിന്റെ കണക്കല്ല, നിലവിൽ ഓടുന്ന വാഹനങ്ങളിൽനിന്നുള്ള പ്രവർത്തന ലാഭമാണ് 93 ഡിപ്പോകളിൽ 85 ശതമാനം ഡിപ്പോകളിൽനിന്നും നേടിയെന്ന് പറയുന്നത്.

തൊഴിലാളികളുടെ ആനുകൂല്യങ്ങളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ കഴിഞ്ഞ ഡിസംബർ മാസത്തിൽ പെൻഷൻ തുക ഇനത്തിൽ കൊടുത്തത് 0 തുകയാണ്, എന്നാൽ ജനുവരി മാസത്തിൽ 7 കോടി 35 ലക്ഷം രൂപ ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. പ്രൊവിഡണ്ട് ഫണ്ട്, ക്ലോഷർ, പെൻഷൻ പേയ്മെന്റ്, എൻ.പി.എസ്., എൻ.ഡി.ആർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകേണ്ട പണം എന്നിവയെല്ലാം ചേർത്ത് കഴിഞ്ഞ ഡിസംബർ മുതൽ ഇന്നേ ദിവസംവരെ 883 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് ഇതുവരെ അടച്ചുതീർത്തത്, ഇത് വളരെ നല്ലൊരു കാര്യമാണ്. നേട്ടങ്ങൾ കൈവരിക്കുന്ന ജീവനക്കാർക്ക്, അതായത് ടാർഗറ്റ് അച്ചീവ് ചെയ്യുന്ന ജീവനക്കാർക്ക് ഇൻസെന്റീവ് ഉൾപ്പെടെ നൽകുന്നതിനും ആലോചിക്കുന്നുണ്ട്. പുതിയ പമ്പുകൾ തുടങ്ങാൻ ആലോചനയുണ്ട്.

പെരുമ്പാവൂരിലെ കെ.എസ്.ആർ.ടി.സി.-യുടെ ഫ്യുവൽ ഔട്ട്ലെറ്റ് ഉദ്ഘാടന ഘട്ടത്തിലാണ്, 10 എണ്ണമെങ്കിലും ഉടനെ തുടങ്ങുന്നതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. നടത്തുന്ന പദ്ധതികൾ ഫലം കണ്ടുവരികയാണ്. അതിന്റെ ഭാഗമായി കൊറിയർ സംവിധാനംവഴി ഡോർ ടു ഡോർ സംവിധാനം ഏർപ്പെടുത്തുന്നതിന് സാധിക്കുമോയെന്ന് പരിശോധിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ നല്ലൊരു ചോദ്യമാണ്. നിലവിൽ സാധങ്ങൾ വരുന്നത് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലാണ്. ഇവ കൈപ്പറ്റുന്നതിനും കൊറിയറിൽ അയയ്ക്കുന്നതിനും സ്റ്റേഷനുകളിൽ എത്തിപ്പെടുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണെന്ന വിലയിരുത്തലിൽ ഒരു സ്റ്റാർട്ട്അപ് കമ്പനിയുമായി ഈ സംവിധാനത്തെക്കുറിച്ച് ചർച്ച നടക്കുകയാണ്. വീട്ടിൽവന്ന് അയയ്ക്കാനുള്ള സാധനങ്ങൾ എടുത്തുകൊണ്ടുപോകുകയും ഡെലിവർ ചെയ്യേണ്ട സാധനങ്ങൾ വീട്ടിലേയ്ക്ക് എത്തിച്ചുനൽകുകയും ചെയ്യുന്ന ഒരു സംവിധാനത്തെക്കുറിച്ച് ആലോചന തുടങ്ങിയിട്ടുണ്ട്. പലപ്പോഴും ഇത്തരം സാധനങ്ങൾ ഇറക്കേണ്ട സ്ഥലത്ത്

ലഭ്യമാക്കാത്ത സ്ഥിതിവിശേഷമുണ്ട്, ഇത്തരം കുഴപ്പങ്ങൾ പുതിയ സംവിധാനത്തിലൂടെ പരിഹരിക്കാൻ സാധിക്കും.

ശ്രീ. എം. രാജഗോപാലൻ: സർ, എല്ലാ മേഖലയിലും ഇടപെടൽ നടത്തുമ്പോഴും, ഹൃദയംതന്നെ പറിച്ചുകൊടുത്താലും ചെമ്പരത്തിപ്പൂവാണോ എന്ന രീതിയിലുള്ള സാമൂഹ്യ/പൊതുബോധം ശക്തിപ്പെടുത്തുന്ന രീതിയിലാണ് മാധ്യമങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ വളരെ നല്ല ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസുകൾ പ്രകൃതിസൗഹൃദമായ സി.എൻ.ജി, എൽ.എൻ.ജി. സംവിധാനത്തിലേക്ക് മാറ്റുന്നതിനും കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലുകളിലും അല്ലാതെ കൈവശമുള്ള ഭൂമിയിലും വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മിതികൾ നടത്തിക്കൊണ്ട് അധികവരുമാനം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സി.എൻ.ജി.-യിലേക്ക് മാറ്റുന്ന കാര്യം വളരെ നല്ലതാണെങ്കിലും ഒരു വാഹനം സി.എൻ.ജി.-യിലേക്ക് മാറ്റുമ്പോൾ 9-10 ലക്ഷം രൂപവരെ ചെലവ് വരുമെന്നതിനാൽ ഘട്ടംഘട്ടമായി സി.എൻ.ജി.

സംവിധാനത്തിലേക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നത്. ദീർഘദൂര റൂട്ടുകളിൽ സർവീസ് ലാഭകരമായതിനാൽ നിലവിൽ സിറ്റിയിൽ ഉണ്ടായിരുന്ന സി.എൻ.ജി. ബസുകൾ കൊട്ടാരക്കര ഡിപ്പോയിലേയ്ക്ക് മാറ്റിയിട്ടുണ്ട്, ഇന്ധനം പെട്ടെന്ന് കത്തിത്തീരുമെന്നതിനാൽ സിറ്റി സർവീസ് നടത്തുമ്പോൾ സി.എൻ.ജി. സംവിധാനത്തിലെ ചെലവ് താങ്ങാൻ കഴിയുന്നില്ല. എൽ.എൻ.ജി. വണ്ടികൾ പമ്പുകളില്ലാത്തതിനാൽ നിലവിലില്ല. സി.എൻ.ജി.-യിലേക്ക് മാറുന്നതിനുള്ള സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ട്, കൂടുതൽ വാഹനങ്ങൾ അത്തരത്തിൽ മാറ്റാൻ ആലോചിക്കുന്നുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമം നടത്തിയിരുന്നു, KIIFB മുഖാന്തരം ഒരു അന്വേഷണം നടത്തിയെങ്കിലും തല്പരരായ ആരേയും കണ്ടെത്താൻ സാധിച്ചിട്ടില്ല. KIIFCON Pvt Ltd ഇതുസംബന്ധിച്ച് ഒരു പഠനം നടത്തിയിരുന്നു. കെ.എസ്.ആർ.ടി.സി. തന്നെ പരസ്യം ചെയ്തുകൊണ്ട് വീണ്ടും ഒരു ശ്രമം നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ കൊല്ലം ജില്ലയിൽ മനോഹരമായ സ്ഥലമാണുള്ളത്, അക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുമായി ഞാൻ സംസാരിച്ചിരുന്നു. പുനലൂരും ഇത്തരത്തിലുള്ള സ്ഥലമുണ്ട്.

എറണാകുളത്ത് വെള്ളം കയറിക്കിടക്കുന്ന ശോചനീയമായ ബിൽഡിംഗ് പൊളിച്ച് പുതിയത് ഉണ്ടാക്കാവുന്നതാണ്. പെരിന്തൽമണ്ണയിൽ സഹകരണ ബാങ്കുകൾ ഒരു കൺസോർഷ്യം രൂപീകരിച്ച് ഒരു കെട്ടിടം നിർമ്മിക്കുന്നതിനായി ആലോചന നടത്തിയിട്ടുണ്ട്, അവർ ഇതുസംബന്ധിച്ച് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്, അക്കാര്യങ്ങളും ചിന്തിക്കുന്നുണ്ട്. അത്തരത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങൾ നല്ല രീതിയിൽ ഉപയോഗിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുവാൻ ചെറിയ ബസുകൾ വാങ്ങുന്ന കാര്യം കെ.എസ്.ആർ.ടി.സി. ആലോചിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണ്?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഗ്രാമീണ യാത്രാ സർവീസിനായി ചെറിയ ബസുകളും ഫ്യുവൽ മൈലേജ് കൂടിയ ബസുകളും വാങ്ങാനും ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ 93 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്ലാൻ കട്ട് വന്നതുകൊണ്ട് അതിന്റെ പകുതി തുക അടിയന്തരമായി നൽകാമെന്ന് അദ്ദേഹം

സമ്മതിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനം തുടങ്ങുന്നതിനുമുമ്പുതന്നെ വാഹനങ്ങൾ എത്തിയാൽ മാത്രമെ ഗ്രാമപ്രദേശങ്ങളിൽ ഇപ്പോൾ സർവീസ് നടത്തുന്നവ ശബരിമലയിലേയ്ക്ക് മാറ്റാൻ സാധിക്കുകയുള്ളൂ. ടെൻഡർ നടപടികൾ പൂർത്തിയായതാണ്, വകയിരുത്തിയ പണം ലഭ്യമാകേണ്ട താമസമേയുള്ളൂ. കമ്പനികൾക്ക് കുടിശ്ശിക നിലനിൽക്കുന്നതിനാൽ പണം മുൻകൂർ നൽകാതെ വാഹനങ്ങൾ നൽകുന്നില്ല.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സർവീസ് ഇതര ചെലവുകൾ വലിയ ബാധ്യതയായി നിലനിൽക്കുന്നതിനാൽ സർവീസ് ഇതര വരുമാനം കണ്ടെത്താനായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകൾ വലിയ ബാധ്യതയായി മാറുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. തിരുവല്ലയിലടക്കം നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് പോകാൻ തക്കവണ്ണം അവയുടെ വാടക യുക്തിസഹമാക്കുന്നതിനും യാർഡ്, ടോയ്‌ലെറ്റുകൾ എന്നിവയുൾപ്പെടെ അത്തരം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലും പ്രത്യേക ശ്രദ്ധചെലുത്തുന്നതിന് കെ.ടി.ഡി.എഫ്.സി.-ക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കെ.ടി.ഡി.എഫ്.സി.-യുടെ സ്ഥിതി വളരെ മോശമായിരുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ഇടപെട്ടതുകൊണ്ടാണ് ഇപ്പോൾ അതിന്റെ ജീവൻ നിലനിൽക്കുന്നത്, അല്ലെങ്കിൽ അത് മരിക്കേണ്ട സമയം കഴിഞ്ഞു. അതിൽനിന്നും ഒരു ചെറിയ തുകപോലും എടുത്തുകൊണ്ട് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ഒരു സാഹചര്യം ഇപ്പോഴില്ല. കെ.ടി.ഡി.എഫ്.സി.-യുടെ സ്ഥാപനങ്ങൾ വാടകയ്ക്ക് എടുത്തവർ വാടക തരുന്നില്ല. തിരുവനന്തപുരത്ത് കെ.ടി.ഡി.എഫ്.സി.-യുടെ സമുച്ചയത്തിൽ പ്രവർത്തിക്കുന്ന കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ തീയേറ്റർ, ലോട്ടറി വകുപ്പിന്റെ ഓഫീസ് എന്നിവ 37 ലക്ഷം രൂപ വീതം വാടക കുടിശ്ശിക നൽകാനുണ്ട്. തിരുവല്ലയിലേക്ക് പുതിയ വാടകക്കാരെ കണ്ടെത്താനുള്ള പരമാവധി ശ്രമം നടത്തുന്നുണ്ട്. തിരുവനന്തപുരത്തെ ബിൽഡിംഗിൽ പൂർണ്ണമായും വാടകക്കാരുണ്ട്. തിരുവല്ലയിൽ തീയേറ്റർ നടത്താൻ താത്പര്യം കാണിച്ചുകൊണ്ട് ആളുകൾ ബന്ധപ്പെടുന്നുണ്ട്. തീയേറ്റർ ആരംഭിച്ചുകഴിഞ്ഞാൽ അതോടനുബന്ധിച്ച് കുറേ ആളുകൾ വരുന്നതുകൊണ്ട് മറ്റ് കടകളുടെ വികസനത്തിനും കാരണമാകുമെന്നതിനാൽ തീയേറ്റർ തുടങ്ങാൻ നമ്മൾ അങ്ങോട്ടേയ്ക്ക് ഓഫർ

വയ്ക്കുന്നുണ്ട്. വാടക സംബന്ധിച്ച നിബന്ധനകൾ ആർക്കും താങ്ങാൻ കഴിയാത്തതായതിനാൽ ഇത്തരത്തിലുള്ള 65 ശതമാനം കടമുറികളും ഒഴിഞ്ഞുകിടക്കുകയാണ്. ഒരാൾ കടമുറി വാടകയ്ക്ക് ചോദിച്ചുവരുമ്പോൾ 2 ലക്ഷം രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുണ്ട്, ആ പണമുണ്ടെങ്കിൽ അയാൾ മറ്റെന്തെങ്കിലും ബിസിനസ്സ് നടത്തില്ലേ? ഇതുവരെയുണ്ടായിരുന്ന വാടക നിരക്ക് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതായതിനാൽ കെ.എസ്.ആർ.ടി.സി. ഗവേണിംഗ് ബോർഡ് യോഗംചേർന്ന് വാടക നിരക്ക് കുറച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ലേലത്തിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്നുമുണ്ട്. കൊട്ടാരക്കരയിൽ കഴിഞ്ഞദിവസം രണ്ട് കടമുറികൾ ലേലത്തിൽപോയത് മാസം 65000 രൂപ, 36000 രൂപ എന്നീ വാടക നിരക്കിലാണ്. ഇപ്പോൾ നിബന്ധനകളിൽ ഇളവ് വരുത്തിയതിനാൽ ലേലത്തിൽ നല്ല പങ്കാളിത്തമുണ്ടാകുകയും ഉയർന്ന വാടക തന്നുകൊണ്ട് കട മുറികൾ സ്വന്തമാക്കാൻ ആളുകൾ എത്തുകയും ചെയ്യുന്നുണ്ട്, അവിടെയൊക്കെ നല്ല വരുമാനം ലഭ്യമാകുന്നുണ്ട്.

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കുമെന്ന് രണ്ട് വർഷം മുമ്പുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഉറപ്പുനൽകിയിരുന്നു. ഇതുവരെ ഒരു നടപടിയും ആരംഭിച്ചിട്ടില്ല. അടിയന്തരമായി മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഏറ്റവും കൂടുതൽ പ്രൈവറ്റ് ബസുകൾ ഓടുന്ന സ്ഥലമാണ് മഞ്ചേരി. അവിടെ കെ.എസ്.ആർ.ടി.സി.-യുടെ എണ്ണം വളരെ കുറവാണ്. നിലവിൽ പുതിയ ഡിപ്പോ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ നിർവ്വാഹമില്ല. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികം മെച്ചപ്പെടുന്ന നിലയിൽ അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, മധ്യകേരളത്തിൽ ഏറ്റവും കൂടുതൽ തിരക്കുള്ള ഒരു സ്റ്റേഷനാണ് തൃശ്ശൂർ സ്റ്റേഷൻ. നവകേരള സദസ്സിന്റെ ഭാഗമായി പ്രത്യേക അലോട്ട്മെന്റിൽ ലഭിച്ച അഞ്ചുകോടി രൂപയും എം.എൽ.എ. ഫണ്ടിൽനിന്ന് ആസ്തിവികസനത്തിനുള്ള നാലുകോടി രൂപയും ചേർത്ത്

ഏകദേശം 9 കോടിയോളം രൂപ തൃശ്ശൂർ ബസ് സ്റ്റാന്റിന്റെ വികസനത്തിന് മാറ്റിവച്ചിട്ടുണ്ട്. അത് ഫലപ്രദമായ രീതിയിൽ എത്രയുംവേഗം ഉപയോഗപ്പെടുത്താൻ അങ്ങയുടെ ശ്രദ്ധയുണ്ടാകണം. മറ്റൊന്ന്, കഴിഞ്ഞ ദിവസം ട്രാൻസ്പോർട്ട് ബസ് കയറി നശിച്ച ശക്തൻതമ്പുരാന്റെ പ്രതിമ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി സർക്കാരിന്റെയും കോർപ്പറേഷന്റെയും ഭാഗത്തുനിന്നും നീക്കങ്ങൾ നടക്കുന്നുണ്ട്. ശ്രീ. കുന്നുവിള മുരളിയാണ് ആ പ്രതിമ നിർമ്മിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് 10 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. അതിന്റെ പ്രവർത്തനവും ഏതുവരെയായെന്ന് വിശദമാക്കാമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നവകേരള പദ്ധതിക്കുവേണ്ടി ലഭിച്ച പണവും എം.എൽ.എ. ഫണ്ടിൽനിന്നുള്ള പണവും ഈ ബസ് സ്റ്റേഷനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട സ്റ്റേഷനായ തൃശ്ശൂർ ബസ് സ്റ്റേഷന് വളരെ മോശമായ സ്ഥിതിയാണ് നിലവിലുള്ളത്. അടിയന്തരമായി നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി ഈ പദ്ധതി നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ ചെയ്യും.

കെ.എസ്.ആർ.ടി.സി.-യുടെ നിർമ്മിതികൾ ഇനി കെ.എസ്.ആർ.ടി.സി. ചെയ്യുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ സിവിൽ വിംഗ് പരാജയമായതുകൊണ്ട് അത് അവസാനിപ്പിച്ചു. ഇപ്പോൾ വളരെ കുറച്ച് ഉദ്യോഗസ്ഥർ മാത്രമേയുള്ളൂ. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ വർക്കുകളും ചെയ്യുന്നത് പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സിന്റെ എഞ്ചിനീയർമാരാണ്. എല്ലാ എം.എൽ.എ.-മാർക്കും മാസംതോറും പി.ഡബ്ല്യൂ.ഡി. പറഞ്ഞിട്ടുള്ള ഒരു റിവ്യൂ മീറ്റിംഗുണ്ട്. ആ മീറ്റിംഗിൽ ഇതിന്റെ മുന്നോട്ടുള്ള പോക്ക് പരിശോധിക്കാനും കഴിയും. ആദ്യംതന്നെ കെ.എസ്.ആർ.ടി.സി. എം.ഡി.-യുടെ അപ്രൂവൽ വാങ്ങിക്കഴിഞ്ഞാൽ തുടർച്ചയായി പണി ആരംഭിക്കാൻ സാധിക്കും. ചങ്ങനാശ്ശേരി ഡിപ്പോയും ചെങ്ങന്നൂർ ഡിപ്പോയും പണി ആരംഭിക്കുന്ന ഘട്ടത്തിൽ നിൽക്കുകയാണ്. എല്ലാ വർക്കുകളും പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിച്ചു. യാതൊരു സെന്റേജ് ചാർജുമില്ലാതെ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ കെ.എസ്.ആർ.ടി.സി.-യിലെ വർക്കുകളെല്ലാം ചെയ്യുന്നുണ്ട്. ഇനി എല്ലാ വർക്കുകളും പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സാണ് ചെയ്യുന്നത്. അപ്പോൾ

ഒരു അക്കൗണ്ടബിലിറ്റിയുണ്ടാകും. പലപ്പോഴും എം.എൽ.എ.മാർ ഫണ്ട് അടച്ചിരിക്കും, പണി തീർന്നില്ല, തിരിച്ചുകൊടുക്കാൻ കഴിയാത്ത സ്ഥിതിയാണ്, പേയ്മെന്റ് നടത്താൻ കഴിയാത്ത സ്ഥിതിയാണ്, ഒരു കാരണവശാലും കെ.എസ്.ആർ.ടി.സി. ഇത്തരം ഫണ്ടുകൾ സ്വീകരിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്ത മാലിന്യമുക്ത നവകേരളം പദ്ധതിയിൽ കെ.എസ്.ആർ.ടി.സി. പങ്കുചേരുകയാണ്. ഒക്ടോബർ 2 മുതൽ മാർച്ച് 30 വരെയുള്ള ശുചീകരണപ്രവർത്തനങ്ങളുടെ പദ്ധതിയാണ്. മാർച്ച് 30-നുമുമ്പ് കേരളത്തിലെ എല്ലാ ഡിപ്പോകളെയും ശുചീകരണം നടത്തി മനോഹരമാക്കാനുള്ള മാലിന്യമുക്ത നവകേരളം പദ്ധതിയിൽ കെ.എസ്.ആർ.ടി.സി.-യും അണിചേരുകയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ തൊഴിലാളികൾ നടത്തുന്ന പങ്കിനെ മന്ത്രി അഭിനന്ദിച്ചത് ഞാൻ സ്വാഗതം ചെയ്യുന്നു. ശമ്പളത്തിന്റെ കാര്യത്തിലുള്ള അനിശ്ചിതത്വം തുടർഭരണത്തിലും തുടരുന്ന പശ്ചാത്തലത്തിൽപ്പോലും, കെ.എസ്.ആർ.ടി.സി.-

യിൽ ആത്മാർത്ഥമായിട്ടാണ് തൊഴിലാളികൾ പണിയെടുക്കുന്നത്. ചെറിയ പിഴകൾപോലും തൊഴിലാളികൾക്കുണ്ടായാൽ അതിന് capital punishment കൊടുക്കുന്ന ഒരു രീതി കെ.എസ്.ആർ.ടി.സി.-യിലുണ്ട്. ഉദാഹരണത്തിന്, ഒരു ഡ്രൈവർ ആക്സിഡന്റിൽപ്പെട്ടുകഴിഞ്ഞാൽ ആ വണ്ടിയുടെ ലയബിലിറ്റി മുഴുവനും ഡ്രൈവറുടെ മേൽ കെട്ടിവയ്ക്കുന്ന ഒരു രീതിയുണ്ട്. സർക്കാർ ഓഫീസിൽ ഒരു കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്ന ഒരു ജീവനക്കാരന് കമ്പ്യൂട്ടർ ചീത്തയായാൽ അത് വാങ്ങിക്കൊടുക്കണമെന്ന സമ്പ്രദായം ഒരു സ്ഥലത്തുമില്ല. ഡ്രൈവർമാർ ഒരിക്കലും മനഃപൂർവ്വം ആക്സിഡന്റ് ഉണ്ടാക്കാറില്ല. ആക്സിഡന്റുണ്ടാകുമ്പോൾ അതൊന്നും പരിശോധിക്കാതെ ഡ്രൈവറുടെ മേൽ അതിന്റെ ലയബിലിറ്റി കെട്ടിവയ്ക്കുന്ന രീതി അവസാനിപ്പിക്കണം. ചെറിയ കാര്യങ്ങളിൽ ആരെങ്കിലും പരാതി ലഭിച്ചാൽ അത് ശരിയാണെന്ന ധാരണയോടെ ഒരു മുൻവിധിയോടുകൂടി തൊഴിലാളികൾക്കെതിരായി നടപടിയെടുക്കുന്നത് അവസാനിപ്പിക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യം പൂർണ്ണമായും ശരിയല്ല. കാരണം, അത്തരത്തിലുള്ള capital

punishment ഒന്നുമില്ല. കെ.എസ്.ആർ.ടി.സി.-യിൽ മദ്യപിച്ചുകൊണ്ട് വാഹനമോടിക്കാൻ പാടില്ലെന്ന തീരുമാനമെടുക്കുകയും അതനുസരിച്ച് മദ്യപിച്ച് വാഹനമോടിക്കുന്നവരെ പരിശോധിക്കാൻ breath analyzer test വയ്ക്കുകയും ചെയ്തു. ഈ ടെസ്റ്റ് നടത്തിയപ്പോൾ ഒരു യൂണിയൻകാരും എതിര് പറഞ്ഞില്ല. എല്ലാവരും അതിനോട് യോജിച്ചുനിന്നു. മദ്യപിച്ചുകൊണ്ട് വാഹനമോടിക്കുന്നതിനോട് ട്രേഡ് യൂണിയനുകൾക്കോ നാട്ടുകാർക്കോ മാധ്യമങ്ങൾക്കോ യോജിപ്പുണ്ടായിരുന്നില്ല. ഒരാഴ്ചയിൽ 9 മരണമാണ് സ്വിഫ്റ്റും കെ.എസ്.ആർ.ടി.സി.-യും കേരളത്തിൽ ഉണ്ടാക്കുന്നത്. ശരാശരി മരണം 9, 8, 7 എന്ന ക്രമത്തിലായിരുന്നു. മദ്യപാനം നിർത്തിയതിനുശേഷം ആഴ്ചയിലുള്ള മരണത്തിന്റെ എണ്ണം 2, 1, 3, 0 എന്ന നിലയിലേയ്ക്ക് താഴ്ത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അപകടങ്ങളുടെ എണ്ണം ആഴ്ചയിൽ 48 മുതൽ 50 വരെയായിരുന്നു. ഇപ്പോൾ അത് 24 മുതൽ 28-ലേയ്ക്ക് വന്നു. അതിന്റേതായ വ്യത്യാസം കാണുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കടുത്ത നടപടികളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ബസ് ഇടിക്കുമ്പോൾ ലയബിലിറ്റി വച്ചില്ലെങ്കിൽ ഉത്തരവാദിത്വമുണ്ടാകില്ല. ശ്രീ. പി. ബാലചന്ദ്രൻ ഇവിടെ

പറഞ്ഞതുപോലെ, ശക്തൻ തമ്പുരാന്റെ പ്രതിമ ഒരു കാരണവുമില്ലാതെ ഡ്രൈവർ വണ്ടികൊണ്ടിടിച്ച് പൊട്ടിയതാണ്. ആ വിഷയത്തിൽ തൃശ്ശൂരിന്റെ വികാരമുൾക്കൊണ്ടുകൊണ്ട് എം.എൽ.എ.-യും റവന്യൂ വകുപ്പുമന്ത്രിയും ബന്ധപ്പെട്ടപ്പോൾത്തന്നെ കെ.എസ്.ആർ.ടി.സി. നഷ്ടപരിഹാരം കൊടുക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. കെ.എസ്.ആർ.ടി.സി. പത്ത് ലക്ഷം രൂപയും ബഹുമാനപ്പെട്ട അംഗം പത്ത് ലക്ഷം രൂപയും കൊടുത്ത് ആകെ 20 ലക്ഷം രൂപയ്ക്കാണ് പണി പൂർത്തിയാക്കുന്നത്. പ്രതിമയുടെ പീഠത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞു. കെ.എസ്.ആർ.ടി.സി. കൊടുക്കാനുള്ള 10 ലക്ഷം രൂപയിൽ 8 ലക്ഷം രൂപയും ശിൽപ്പിക്ക് കൈമാറിക്കഴിഞ്ഞു. ഏതാണ്ട് പണി പൂർത്തിയായിവരുന്നു. ഒന്നര മാസത്തിനുള്ളിൽ പ്രതിമ അവിടെ പുനഃസ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങ് ഒരു യൂണിയൻ നേതാവാണ്. ഡ്രൈവർ ആ പ്രതിമ ഇടിച്ചുതകർത്തതിന് 20 ലക്ഷം രൂപയാണ് ചെലവായത്. വെറുതെനിന്ന പ്രതിമയല്ലേ, വട്ടം ചാടിയതൊന്നുമല്ലല്ലോ.? വാഹനം കൊണ്ടിടിച്ച ആളിന്റെ പേരിൽ ഒരു ഫൈനും ഏർപ്പെടുത്തേണ്ടയെന്ന് അങ്ങ് പറഞ്ഞാൽ കേൾക്കുന്നവർ എന്തുവിചാരിക്കും? അത് പറ്റില്ല.

അശ്രദ്ധമായി വാഹനമോടിക്കുമ്പോഴാണ് റോഡപകടങ്ങൾ വരുന്നത്. കഴിഞ്ഞദിവസം ഒരു വാഹനം തോട്ടിലേയ്ക്ക് മറിഞ്ഞു. അത് ഡ്രൈവറുടെ തെറ്റല്ല, ഡ്രൈവർ ശ്രമിച്ചു, അദ്ദേഹം മോട്ടോർ സൈക്കിളിനെ രക്ഷിക്കുന്നതിന്റെ ഭാഗമായി വെട്ടിയൊടിച്ചപ്പോൾ വണ്ടി തെന്നി തോട്ടിലേയ്ക്ക് മറിഞ്ഞതാണ്. അത് കുറ്റകൃത്യമല്ല. നേരെ കൊണ്ടുവന്ന് ഇടിക്കുന്ന സംഭവങ്ങളുമുണ്ട്. ചടയമംഗലത്തുവച്ച് സ്കൂട്ടറിൽപ്പോയ ഒരാൺകുട്ടിയുടെയും പെൺകുട്ടിയുടെയും പുറത്തുകൂടി വാഹനം കയറിയിറങ്ങി പോയി. ആ ഡ്രൈവറെ അന്ന് പിരിച്ചുവിട്ടുവെന്ന കാര്യം മറക്കരുത്. ഇക്കാര്യത്തിൽ ഡ്രൈവർക്കും കണ്ടക്ടർക്കും ഉത്തരവാദിത്വമുണ്ട്. കുറ്റകൃത്യങ്ങൾക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-ക്ക് മുന്നോട്ടുപോകാൻ കഴിയില്ല.

ശ്രീ. പി. വി. ശ്രീനിജൻ: സർ, പ്രാദേശികമായ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പുതിയ ബസുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.-യെ സമീപിക്കുമ്പോൾ പലപ്പോഴും പറയുന്നത് സാമ്പത്തിക പ്രശ്നങ്ങളാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി

പ്രാദേശികമായിട്ടുള്ള പുതിയ ബസുകൾ അനുവദിക്കുന്നതിന് എം.എൽ.എ. ഫണ്ടുപയോഗിക്കുന്നതിന് ധനകാര്യ വകുപ്പുമായി ചേർന്നുകൊണ്ട് സർക്കാർ ആലോചന നടത്തുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, എം.എൽ.എ. ഫണ്ട് റിലീസ് ചെയ്തുതരാൻ ധനകാര്യ വകുപ്പ് തയ്യാറായാൽ നല്ല കാര്യമാണ്. അങ്ങ് പറഞ്ഞ കാര്യത്തിന് ഗ്രാമീണ മേഖലയിലെ വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും.... ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, പ്രധാനമന്ത്രി ഗ്രാം സഡക് യോജന (PMGSY) ഇതിനെല്ലാം ധാരാളം നല്ല റോഡുകളുണ്ടായിരുന്നു. ഈ റോഡുകളിലൂടെ വാഹനങ്ങൾ പോയാൽ നല്ല ലാഭം കിട്ടും. മികച്ച രീതിയിൽ നടത്തണമെങ്കിൽ ചെറിയ വാഹനം ആവശ്യമാണ്. ചെറിയ വാഹനം വാങ്ങാൻ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ പണം ലഭ്യമാകുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരമാകും. എം.എൽ.എ.-മാരുടെ ഫണ്ട് അനുവദിക്കാൻ ധനകാര്യ വകുപ്പ് തയ്യാറായാൽ അത് സ്വീകരിക്കും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോവിഡ് കോലത്ത് നിരവധി കെ.എസ്.ആർ.ടി.സി. സർവീസുകൾ നിർത്തിവയ്ക്കുകയുണ്ടായി. കോവിഡ്

കഴിഞ്ഞതിനുശേഷവും അത്തരം ഗ്രാമീണ സർവീസുകൾ പുനരാരംഭിക്കുന്നില്ല. എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽനിന്ന് മെഡിക്കൽ കോളേജിലേക്ക് മുമ്പ് കെ.എസ്.ആർ.ടി.സി. സർവീസ് നടത്തിയിരുന്നു. അത് പാവപ്പെട്ട ജനങ്ങളുടെ ആശ്രയമായിരുന്നു. അത്തരം സർവീസുകൾ ലാഭകരമാണോയെന്ന് പരിശോധിച്ച് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, തീർച്ചയായും അങ്ങനെ ചെയ്യാം. കോവിഡ് വന്നപ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് ധാരാളം സർവീസുകൾ നിർത്തേണ്ടിവന്നുവെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന യാഥാർത്ഥ്യമാണ്. അവയിൽ കോവിഡ് മഹാമാരിക്ക് മുമ്പ് ലാഭകരമായിരുന്ന സർവീസുകൾ പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. അത്തരത്തിൽ ലാഭകരമായ സർവീസുകളുണ്ടെങ്കിൽ അവ പുനരാരംഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിൽ ബസുകളുടെ കുറവില്ല, ഡ്രൈവർമാരുടെ കുറവാണുള്ളത്. ഏകദേശം അറുനൂറ് ബസുകൾ എപ്പോൾ വേണമെങ്കിലും സർവീസ് നടത്താൻ കഴിയുന്ന രീതിയിൽ പണി പൂർത്തിയാക്കി സൂക്ഷിച്ചിട്ടുണ്ട്. റിപ്പെയറിംഗിനായി ഷെഡിൽ കിടന്നിരുന്ന

1300-ഓളം വാഹനങ്ങളുടെ എണ്ണം അഞ്ഞൂറായി കുറയ്ക്കുമെന്ന് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ പറയുകയുണ്ടായി. അതുകേട്ട് അന്ന് ചിലരെല്ലാം ഊറിച്ചിരിക്കുകയുണ്ടായി, അതിലൊന്നും കാര്യമില്ല. ആക്സിഡന്റായും മറ്റും സർവീസ് നടത്താൻ കഴിയാതെ റിപ്പെയറിംഗിനായി ഷെഡിൽ കിടന്ന വാഹനങ്ങളുടെ എണ്ണം ഇപ്പോൾ 1300-ൽനിന്ന് 500-ൽ താഴെയായിട്ടുണ്ട് (ശരാശരി എണ്ണം 456-457). അത്രയും നേട്ടം നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ വാഹനങ്ങൾക്ക് ക്ഷാമമില്ല. ഇവിടെ പറഞ്ഞ കാര്യം തീർച്ചയായും പരിശോധിച്ച് പരിഹരിക്കുന്നതായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന വെള്ളരിക്കുണ്ട് താലൂക്കിൽ വാടക കെട്ടിടത്തിലാണ് ജോയിന്റ് ആർ.ടി. ഓഫീസ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ രണ്ട് വർഷക്കാലത്തിലേറെയായി ഈ അവസ്ഥയിലാണ്. അവിടെ മിനി സിവിൽ സ്റ്റേഷനിൽ ആവശ്യമായത്രയും സ്ഥലം അനുവദിച്ചുകൊണ്ട് നേരത്തെതന്നെ തീരുമാനമെടുക്കുകയും അക്കാര്യം അറിയിക്കുകയും ചെയ്തതാണ്. വലിയ തോതിൽ വാടക നൽകി സ്വകാര്യ

കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇത് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട ചോദ്യമാണെങ്കിലും ഞാൻ മറുപടി പറയാം. പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തി ബഹുമാനപ്പെട്ട അംഗം എനിക്ക് നേരത്തെ കത്ത് നൽകിയിരുന്നു. ആ കത്തിന്റെ അടിസ്ഥാനത്തിൽ വിഷയം ചർച്ച ചെയ്യുകയും ചെയ്തു. പാല ഉൾപ്പെടെ മൂന്ന് സ്ഥലങ്ങളിൽ ആർ.ടി. ഓഫീസ് സ്വകാര്യ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സിവിൽ സ്റ്റേഷനുകളിൽ ഈ ഓഫീസുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാണ്. ഈ ഓഫീസുകളുടെ പ്രവർത്തനം സിവിൽ സ്റ്റേഷനുകളിലേയ്ക്ക് മാറ്റിയാൽ സർക്കാരിന് വാടകയുടെ ബാധ്യത കുറഞ്ഞുകിട്ടും. അടുത്ത പ്ലാൻ ഫണ്ട് റിലീസ് ചെയ്താൽ ആദ്യംതന്നെ നിർബന്ധമായും ഈ മൂന്ന് ആർ.ടി. ഓഫീസുകളും മിനി സിവിൽ സ്റ്റേഷനുകളിലേക്ക് ഷിഫ്റ്റ് ചെയ്യും. ഇക്കാര്യങ്ങൾ അടിയന്തരമായി ചെയ്യുമെന്ന് ഞാൻ അറിയിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പിറവം, കൂത്താട്ടുകുളം ഡിപ്പോകളിൽനിന്ന് കോവിഡിനുശേഷം അനവധി കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവീസുകൾ നിർത്തലാക്കിയിരിക്കുകയാണ്. നേരത്തെ അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, അവയിൽ പല റൂട്ടുകളും ലാഭകരമാണ്. ലാഭകരമായ ഈ റൂട്ടുകൾ നിർത്തലാക്കിയത് പരിശോധിക്കണമെന്നാവശ്യപ്പെട്ട് നിരവധി തവണ അങ്ങേയ്ക്കും മുൻ ഗതാഗത വകുപ്പുമന്ത്രിക്കും കത്ത് നൽകിയിരുന്നെങ്കിലും അക്കാര്യത്തിൽ യാതൊരു നടപടികളുമുണ്ടായിട്ടില്ല. ഇത്തരത്തിൽ ലാഭകരമായ കളക്ഷനുള്ള സർവീസുകൾ നിർത്തലാക്കിയതിലൂടെ സ്വാഭാവികമായും ഈ ഡിപ്പോകൾ നഷ്ടത്തിലേയ്ക്ക് പോകുകയാണ്. ദീർഘദൂര സർവീസുകൾ പുനരാരംഭിക്കുന്നതിനും പുതിയ റൂട്ടുകൾ അനുവദിക്കുന്നതിനുമുള്ള നടപടിയുണ്ടാകുമോ? ഇതോടൊപ്പം ശ്രദ്ധയിൽ കൊണ്ടുവന്ന ഒരു വിഷയമാണ്, രാത്രികാലങ്ങളിൽ ലിമിറ്റഡ് സ്റ്റോപ്പ് അടക്കമുള്ള ദീർഘദൂര സർവീസുകൾ എം.സി. റോഡിനോട് ചേർന്നുള്ള കൂത്താട്ടുകുളം ഡിപ്പോയിൽ കയറാതെ പോകുകയാണ് എന്നുള്ളത്. ഇതുമൂലം ഡിപ്പോയിൽ ബസ് കാത്തുനിൽക്കുന്ന

അനവധിയാളുകൾക്ക് ബസ് കിട്ടുന്നില്ല. കൂത്താട്ടുകുളത്തിറങ്ങേണ്ട ദീർഘദൂര യാത്രികരെ മറ്റെവിടെയെങ്കിലും ഇറക്കിവിടുന്ന സാഹചര്യമാണ് നിലവിലുള്ളത്. എല്ലാ കെ.എസ്.ആർ.ടി.സി. ബസുകളും ഡിപ്പോയിൽ കയറി പോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കോവിഡിന് മുമ്പുണ്ടായിരുന്ന സർവ്വീസുകൾ നിർത്തലാക്കിയത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യം, കോവിഡിന് മുമ്പുണ്ടായിരുന്ന ലാഭകരമായ സർവ്വീസുകൾ സംബന്ധിച്ച് പരിശോധിക്കുന്നതിന് രണ്ട് ദിവസം മുമ്പുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി അവരുമായി ഇക്കാര്യം ചർച്ച ചെയ്യുന്നത് നന്നായിരിക്കും. കാരണം ഇപ്പോൾ ഹെഡ് ഓഫീസിൽനിന്നല്ല വാഹനങ്ങൾ അയയ്ക്കുന്നത്. ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കി ഡിപ്പോയിൽനിന്നാണ് ഷെഡ്യൂൾ തരുന്നത്. ആ ഷെഡ്യൂളിന് അഞ്ച് ദിവസങ്ങൾക്കുള്ളിൽ അംഗീകാരം നൽകുകയെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അത്തരത്തിൽ അംഗീകാരം നൽകുമ്പോഴാണ്

പ്രവർത്തനങ്ങൾ മെച്ചപ്പെട്ട നിലയിലാകുന്നത്. ഗ്രൗണ്ട് റിയാലിറ്റി സംബന്ധിച്ച് ഹെഡ് ഓഫീസിലെ ഉദ്യോഗസ്ഥന് അറിയണമെന്നില്ല. കോവിഡിന് മുമ്പ് ലാഭകരമായിരുന്ന സർവീസുകൾ പരിശോധിച്ച് അവ പുനരാരംഭിക്കുന്നതാണ്.

രാത്രികാലങ്ങളിൽ ദീർഘദൂര ബസുകൾ ഡിപ്പോയിൽ കയറുന്നത് സംബന്ധിച്ച് അങ്ങിവിടെ പറയുകയുണ്ടായി. ഇവിടെ നാം യാത്രക്കാരുടെ ഭാഗത്തുനിന്ന് ചിന്തിക്കേണ്ടതുണ്ട്. ഒരേ സമയം തിരുവനന്തപുരത്തുനിന്ന് പുറപ്പെടുന്ന ട്രെയിൻ മൂന്ന് മണിക്കൂറിൽ കോട്ടയത്തെത്തുമ്പോൾ, അതേ സമയത്തുതന്നെ തിരുവനന്തപുരത്തുനിന്ന് പുറപ്പെടുന്ന ബസ് എല്ലാ ഡിപ്പോകളിലും കയറിയിറങ്ങി ഏകദേശം ആറര മണിക്കൂർ സമയമെടുത്താണ് കോട്ടയത്തെത്തുന്നത്. ഈ സാഹചര്യത്തിൽ ജനങ്ങൾ കെ.എസ്.ആർ.ടി.സി.-യെയാണോ ട്രെയിനിനെയാണോ ആശ്രയിക്കുന്നത്? അത്തരത്തിലുള്ള മത്സരമുള്ളതിനാൽ നിലവിൽ ബസുകൾ ഒന്നിടവിട്ടുള്ള ഡിപ്പോകളിലാണ് കയറുന്നത്. രാത്രികാലങ്ങളിൽ ദീർഘദൂര ബസുകൾ കുത്താട്ടുകുളം ഡിപ്പോയിൽ കയറുന്നില്ലെന്നുള്ള കാര്യം അങ്ങ് ഇന്നലെ എന്നോട് സൂചിപ്പിക്കുകയുണ്ടായി. അക്കാര്യം തീർച്ചയായും പരിഗണിക്കാം. പ്രധാന റോഡിൽനിന്ന്

ഉള്ളിലേയ്ക്കായാണ് പ്രസ്തുത ഡിപ്പോ സ്ഥിതി ചെയ്യുന്നത്. ഇത്തരത്തിൽ ഉള്ളിലേയ്ക്കുള്ള ഡിപ്പോകളിൽ ബസുകൾ കയറിയിറങ്ങാനെടുക്കുന്ന സമയം യാത്രക്കാരെ ബുദ്ധിമുട്ടിക്കുകയാണ്. ഇതുവഴി ഡീസലും സമയവും നഷ്ടമാകുകയാണ്. ഡ്രൈവർമാർക്കും ഇത് സ്ട്രെയിനാണ്. ബസിൽ യാത്രക്കാർ നിറഞ്ഞാൽ ദീർഘദൂര സർവീസുകൾ കഴിയുന്നതും അധിക സ്ഥലങ്ങളിൽ നിർത്താതെ വിട്ടുപോകാനാണ് ശ്രമിക്കുന്നത്. ഇതല്ലാതെ വേറെ മാർഗ്ഗമില്ല. സൂപ്പർ ഫാസ്റ്റ് ബസുകൾ എല്ലാ ഡിപ്പോകളിലും കയറില്ല എന്ന തീരുമാനമുണ്ടായപ്പോൾ അത്തരം ബസുകളിൽ യാത്രക്കാരുടെ എണ്ണവും കളക്ഷനും വർധിക്കുകയുണ്ടായി. ഇക്കാര്യം പരസ്യമായി പറഞ്ഞാൽ ബഹളമുണ്ടാകും. ഒരു ബസ് ഒരു ഡിപ്പോയിൽ കയറുകയാണെങ്കിൽ അതിന് തൊട്ടുപുറകെ വരുന്ന ബസ് അവിടെ കയറില്ല. അത്തരത്തിൽ ഓൾട്ടർനേറ്റായി കയറാനാണ് തീരുമാനിച്ചിരിക്കുന്നത്. കൊട്ടാരക്കര, ചെങ്ങന്നൂർപോലുള്ള പ്രധാന ഡിപ്പോകളിൽ ബസുകൾക്ക് കയറാതിരിക്കാൻ കഴിയില്ല. ഇത്തരം ഡിപ്പോകൾ ഒഴികെ ബാക്കി ഡിപ്പോകളിൽ ഇത്തരത്തിലുള്ള സംവിധാനത്തിലൂടെ മുന്നോട്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്.

**ജൈവകർഷകരെ സഹായിക്കാൻ പദ്ധതി**

(*122) ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉല്പാദനച്ചെലവ് വർദ്ധിക്കുകയും ഉല്പാദനക്ഷമത കുറയുകയും ചെയ്യുന്നതിനാൽ കർഷകർ ഈ കൃഷിരീതിയിൽനിന്നും പിന്മാറുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) ഉണ്ട്. നിലവിൽ ജൈവ കൃഷി നടത്തുന്ന കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇല്ല.

(സി) ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. ലോകം മുന്നോട്ടുവയ്ക്കുന്ന ചാംക്രമിക കൃഷിരീതി, ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന വിധമുള്ളതാണ്. സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്ന ഉദ്ദേശ്യത്തോടെ കേരളത്തിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾക്ക് സർക്കാർ പ്രത്യേക പ്രാധാന്യം നൽകിവരുന്നുണ്ട്. ഇതിനായി ജൈവ കാർഷിക മിഷൻ രൂപീകൃതമായിട്ടുണ്ട്. സുരക്ഷിത ഭക്ഷണം ഉറപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ചിരിക്കുന്ന ഈ മിഷനിലൂടെ കേരളം ഘട്ടംഘട്ടമായി സാധ്യമായ പ്രദേശങ്ങളിലെല്ലാം ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് നിലവിൽ പദ്ധതി ഘടകങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്.

ജൈവകൃഷിയിൽ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനായി കൃഷിയിടത്തിൽത്തന്നെയുള്ള ജൈവവസ്തുക്കളെ വളമാക്കി മാറ്റുക, കർഷകർ

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

അംഗങ്ങളായ കർഷക സംഘങ്ങൾ മുഖേന ഉല്പാദനോപാധികൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുകയും സംഭരിക്കുകയും ചെയ്യുക, കാര്യക്ഷമമായ കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിച്ചെലവ് കുറയ്ക്കുക, ഹൈദരാബാദ് ആസ്ഥാനമായുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR), കേരള കാർഷിക സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുള്ള സൂക്ഷ്മ ജീവാണു വളങ്ങളുടെ ബയോ ക്യാപ്സ്യൂളുകളും മറ്റ് ഉൽപ്പാദനോപാധികളും ഉപയോഗപ്പെടുത്തികൊണ്ട് ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയവവഴി ജൈവകൃഷി ആദായകരമാക്കുവാനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ജൈവ സർട്ടിഫിക്കേഷനിലൂടെ ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തി KERALAGRO-Organic, KERALAGRO-Green എന്നീ ബ്രാൻഡുകളിലേയ്ക്ക് ജൈവ കർഷകരുടെ ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുകവഴി ഉൽപന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ട്. KABCO മുഖാന്തരം ജൈവ ഉല്പന്നങ്ങൾ എക്സ്പോർട്ട്

ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി ജൈവകൃഷി ആദായകരമാക്കി മാറ്റുവാൻ സാധ്യമാകുമെന്നതിനാൽ കർഷകർ ജൈവ കൃഷിയിൽനിന്ന് പിൻമാറുന്ന സാഹചര്യം നിലവിൽ ഇല്ല.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 600 ലക്ഷം രൂപ വകയിരുത്തി ജൈവ കാർഷിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ജൈവ കാർഷിക മിഷൻ മുന്നോട്ടുവച്ചിരിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വ്യക്തമായ നിർവഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് പ്രാതിനിധ്യമുള്ള ഗവേണിംഗ് കൗൺസിൽ, സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയ്ക്ക് പുറമേ ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ ജൈവകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തന രൂപരേഖ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. വിവിധ തലത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പ്, ഏകോപനം, ജൈവ ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധനവ്, ജൈവ

ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള വിപണന സംവിധാനങ്ങൾ തയ്യാറാക്കൽ, ജൈവ സർട്ടിഫിക്കേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി കർഷകർ, കൃഷിക്കൂട്ടങ്ങൾ/ജൈവകർഷക സ്വയംസഹായ സംഘങ്ങൾ/കർഷക ഉല്പാദന സംഘടനകൾ എന്നിവരിലൂടെ മണ്ണിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, കർഷകർക്ക് ജൈവ കാർഷിക മുറകളെ പരിചയപ്പെടുത്തുന്നതിനുള്ള മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, ഓരോ കാർഷിക പാരിസ്ഥിതിക മേഖലയ്ക്കും അനുയോജ്യമായ ജൈവ കാർഷിക മുറകൾ കണ്ടെത്തി കർഷകർക്ക് ലാഭകരമായ രീതിയിൽ ജൈവകൃഷി ചെയ്യുന്നതിനുള്ള സഹായം ചെയ്യുക, സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി തൃശ്ശൂർ, സംസ്ഥാനത്തെ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് ആലപ്പുഴ, ബയോ ഫെർട്ടിലൈസർ & ക്വാളിറ്റി കൺട്രോൾ ലാബ് പട്ടാമ്പി, കാർഷിക സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജൈവ കാർഷിക മിഷന്റെ

പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുക തുടങ്ങിയ നടപടികളിലൂടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ സാധ്യമായിട്ടുണ്ട്. ജൈവ ഉൽപന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡിൽ പ്രത്യേക പരിഗണന നൽകി 'കേരളഗ്രോ ഓർഗാനിക് ' എന്ന പേരിൽ വിപണി പിന്തുണ നൽകുന്നുണ്ട്. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പിലും മില്ലറ്റ് കഫേകളിലും ജൈവ ഉൽപന്നങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകി വിപണന സംവിധാനം ഒരുക്കിവരുന്നു.

ജൈവ ഉല്പന്നങ്ങൾക്ക് അനുയോജ്യമായ സർട്ടിഫിക്കേഷൻ സംവിധാനം നേടിയെടുക്കുന്നതിന് കർഷകരെ സഹായിക്കുക, ജൈവ ഉല്പന്നങ്ങൾ വിദേശ വിപണികളിൽ കയറ്റുമതി നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും ഏറ്റെടുത്ത് നടത്തുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലും സർക്കാർ ഏർപ്പെട്ടിട്ടുണ്ട്.

വിവിധ തലത്തിലുള്ള സംഘടനാ സംവിധാനം ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആവശ്യമായ ധനസ്രോതസ്സ് കണ്ടെത്തി പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുകയും

ചെയ്യുന്നു. ഓരോ വർഷവും നടത്തേണ്ട പ്രവർത്തനങ്ങളുടെ വാർഷിക പ്രവർത്തന പ്ലാൻ തയ്യാറാക്കുകയും സാങ്കേതിക പ്രോട്ടോക്കോൾ പ്രകാരം മുന്നോട്ടുപോകുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ജൈവകാർഷിക മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ജൈവ ഉല്പന്നങ്ങളുടെ ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പോഷക സമൃദ്ധി മിഷനുമായി ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുക, മൂല്യവർധിത കാർഷിക മിഷനുമായും കേരള അഗ്രോ ബിസിനസ് കമ്പനിയുമായും ചേർന്ന് പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. കേന്ദ്ര സർക്കാർ റീജിയണൽ കൗൺസിലായി അംഗീകരിച്ചിട്ടുള്ള സമേതി മുഖേന പി.ജി.എസ്. സർട്ടിഫിക്കേഷനും മറ്റ് ഏജൻസികൾ മുഖാന്തരം നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) സർട്ടിഫിക്കേഷനും നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗതിയിലാണ്.

ജൈവ ഉല്പാദനോപാധികളുടെ ലഭ്യത വർധിപ്പിക്കുന്നതിനുവേണ്ടി ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR) എന്നീ സ്ഥാപനങ്ങളുമായി സാങ്കേതികവിദ്യ കൈമാറ്റത്തിനും ആവശ്യമായ ജീവാണുവളങ്ങളുടെ ഇനോകുലം ലഭ്യമാക്കുന്നതിനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അതോടൊപ്പംതന്നെ ജൈവ ഉൽപാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൈവ വളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി പട്ടാമ്പിയിൽ സ്ഥാപിച്ചിട്ടുള്ള സ്റ്റേറ്റ് ഓർഗാനിക് മാനുവർ & ബയോഫെർട്ടിലൈസർ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജൈവവള ഗുണമേന്മ ഉറപ്പാക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പുതുതായി ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ

ജൈവ ഉത്പാദനോപാധികൾ നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യുന്ന യൂണിറ്റുകൾക്കുള്ള പരിശീലനവും (ജൈവകൃഷി കൂട്ടങ്ങൾ/കർമ്മസേനകൾ/ അഗ്രോ സർവ്വീസ് സെന്റർ/കൃഷിശ്രീ സെന്റർ/എഫ്.പി.ഒ./ എഫ്.പി.സി./എഫ്.ഐ.ജി.) നടന്നുവരുന്നു. കാർഷിക പ്രവർത്തനങ്ങളും ഉത്പാദനോപാധികൾ കൃഷിയിടങ്ങളിൽ കർഷക കൂട്ടായ്മയിലൂടെ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പദ്ധതി ഘടകങ്ങളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. ജൈവകൃഷിയുമായി ബന്ധപ്പെട്ട നിലമൊരുക്കൽ, ജലസേചന സൗകര്യമൊരുക്കൽ, വള നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യം തയ്യാറാക്കൽ എന്നിവയ്ക്ക് MGNREGS-ന്റെ പിന്തുണയും ഉറപ്പാക്കിയിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കർഷകർ ജൈവകൃഷിയിലേയ്ക്ക് മാറുമ്പോൾ ഉൽപാദനം കുറയുമെന്ന് നമുക്കെല്ലാവർക്കും അറിയാം. അതുപോലെതന്നെ, കൃഷിച്ചെലവ് കൂടുകയും ചെയ്യും. അതുകൊണ്ടുതന്നെ ഉൽപ്പന്നത്തിന് ഉൽപാദനച്ചെലവ് കൂടുകയാണ്. ഇത്തരം ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിൽ കൂടുതൽ വില ലഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ജൈവ ഉൽപ്പന്നങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകി പ്രത്യേക മാർക്കറ്റ് ഡെവലപ് ചെയ്യാൻ

നടപടികൾ സ്വീകരിക്കുമോ? കാസർഗോഡ് ജില്ല പൂർണ്ണമായും ജൈവ ജില്ലയാക്കുമെന്ന പ്രഖ്യാപനം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; എങ്കിൽ അതിന് ഉപോൽബലകമായ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം രണ്ടുമൂന്ന് ചോദ്യങ്ങളാണ് ഇവിടെ ഉന്നയിച്ചത്. ജൈവകൃഷിയിലേക്ക് മാറിയാൽ ഉൽപാദനത്തിൽ കുറവ് വരുമെന്നുള്ളതാണ് അദ്ദേഹം പറഞ്ഞ ഒരു കാര്യം. കൃഷി ഓർഗാനിക് രീതിയിലേക്ക് മാറിയാൽ ഉൽപാദനത്തിൽ വലിയ കുറവ് വരുമെന്ന് പൊതുവെ എല്ലാവരും പറയുന്ന കാര്യമാണ്; അത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ചെലവിന്റെ കാര്യത്തിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. അതുകൊണ്ടുതന്നെ, ഇത്തരം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകമായ വിപണി കണ്ടെത്തേണ്ടതുണ്ട്. ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞതുപോലെ, അത്തരം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകമായ വിപണി തയ്യാറാക്കിക്കൊടുക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതിന് സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കുന്നുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ജൈവ കാർഷിക മിഷൻ നടപ്പിലാക്കുന്നുണ്ട്. അതോടൊപ്പംതന്നെ, ഇത്തരം ഉൽപ്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ അനിവാര്യമാണ്. അതിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്, അത് നൽകിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. സാധാരണഗതിയിൽ മറ്റ് ചില ഏജൻസികളാണ് കർഷകർക്ക് ഇത്തരം സർട്ടിഫിക്കറ്റ് നൽകിക്കൊണ്ടിരുന്നത്. ഇതിനായി ഇരുപത്തി അയ്യായിരം മുതൽ നാൽപ്പതിനായിരം രൂപവരെ തുക ആവശ്യമായി വരുന്നു. ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ള കർഷകരുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അൻപതിനായിരം രൂപ വരെയുള്ള തുക സർക്കാർ നൽകുന്ന നിലയിലേയ്ക്കെത്തിയിട്ടുണ്ട്. ഇത്തരത്തിൽ സർട്ടിഫിക്കേഷന്റെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഇത്തരം ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള പ്രത്യേകമായ ഇടപെടൽ നടത്തി. കേരളഗ്രോ എന്ന ബ്രാൻഡ് നെയിമിലാണ് നമ്മുടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്നത്. ഇന്ത്യയിൽ ആദ്യമായാണ് ഇങ്ങനെയൊരു സംവിധാനത്തിലേക്ക് നീങ്ങിയത്. ഇന്ന് നമ്മുടെ കർഷകർ

ഉൽപാദിപ്പിക്കുന്ന ഏകദേശം എണ്ണൂറിലധികം ഉൽപ്പന്നങ്ങൾ കേരളഗ്രോ എന്ന ബ്രാൻഡ് നെയിമിൽ വിപണിയിലുണ്ട്. ആമസോണിലും ഫ്ലിപ്കാർട്ടിലുമടക്കം ഈ ഉൽപന്നങ്ങൾ ലഭ്യമാണ്. അതോടൊപ്പംതന്നെ, ഗുണമേന്മ ഉറപ്പുവരുത്തിയ, 'കേരളഗ്രോ' എന്ന ബ്രാൻഡ് നെയിമിൽ വരുന്ന നമ്മുടെ ഉൽപ്പന്നങ്ങൾ മാത്രം വിപണനം നടത്തുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോറൂമുകൾ ആരംഭിക്കാനും തീരുമാനിച്ചു. അതിലൊരു ഷോറൂം കേരളത്തിലാദ്യമായി  തിരുവനന്തപുരത്ത് ഒന്നാം തീയതി ആരംഭിച്ചിട്ടുണ്ട്. അതിൽ പ്രത്യേക പരിഗണന കൊടുക്കുന്നത് കേരളഗ്രോ-ഗ്രീനും കേരളഗ്രോ-ഓർഗാനിക്കും ആണ്. അത്തരത്തിൽ കുറെ ഉൽപ്പന്നങ്ങൾക്ക് അത്തരത്തിലുള്ള സർട്ടിഫിക്കേഷൻകൂടി കൊടുത്തിട്ടുണ്ട്. നമ്മൾതന്നെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഓർഗാനിക് എന്ന സർട്ടിഫിക്കേഷൻ പ്രത്യേകമായി കൊടുക്കുന്നു. അവർ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് 'കേരളഗ്രോ-ഗ്രീൻ ', 'കേരളഗ്രോ-ഓർഗാനിക് ' എന്നീ സർട്ടിഫിക്കേഷനുകൾ കൊടുത്തുകൊണ്ട് പ്രത്യേകമായ വിപണനത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. ജൈവ കൃഷിയിലേയ്ക്കെത്തുന്ന കർഷകരെ

സഹായിക്കുന്നതിനായി സാധ്യമാകുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലയെ സംബന്ധിച്ച് അങ്ങ് പറഞ്ഞ കാര്യം പ്രത്യേകമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജൈവ കാർഷിക നയം പ്രഖ്യാപിച്ചപ്പോൾ സൂചിപ്പിച്ച ഒരു കാര്യം, ജൈവകൃഷി നടപ്പാക്കുന്നതുവഴി കാർഷിക മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ കർഷക പ്രതിനിധികൾ ഉൾപ്പെടെയുള്ള ഒരു സമിതി വിലയിരുത്തുമെന്നാണ്. അങ്ങനെയുള്ള ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; അതുപോലെതന്നെ ജൈവകൃഷി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുമെന്ന നയപ്രഖ്യാപനത്തിൽ സർക്കാർ ഇപ്പോഴും ഉറച്ചുനിൽക്കുന്നുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, ജൈവ കാർഷിക നയം 2010-ൽ പ്രഖ്യാപിച്ചെങ്കിലും ഒരു മിഷൻ രൂപത്തിൽ അത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളിലേക്ക് ഏർപ്പെട്ടത് ഈ ഗവൺമെന്റിന്റെ കാലത്താണ്. 26-10-2023-ലാണ് ജൈവ കാർഷിക മിഷൻ രൂപീകരിച്ചത്. അതിന്റെ പ്രവർത്തനങ്ങളിലേക്ക് നീങ്ങിയിട്ടേയുള്ളൂ. അതനുസരിച്ച് സമയാസമയങ്ങളിൽ

അത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഘട്ടംഘട്ടമായി സാധ്യമാകുന്നിടത്തോളം കർഷകരെയുംകൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ജൈവകൃഷിയിലേക്ക് നീങ്ങുന്നതിന് അവരെ സഹായിക്കുക എന്നുള്ളതാണ് നമ്മൾ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ അവലോകനം കൃത്യമായ ഇടവേളകളിൽ നടത്തുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. അടുത്തതായി ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, കേരളം മുഴുവൻ ഒറ്റയടിക്ക് ജൈവകൃഷി വ്യാപിപ്പിക്കുന്ന രീതിയിലല്ല, മറിച്ച് നേരത്തെ പറഞ്ഞതുപോലെ കർഷകരെ വിശ്വാസത്തിലെടുത്തുകൊണ്ടും പൊതുസമൂഹത്തിന്റെ ആവശ്യകതകൂടി പരിഗണിച്ചുകൊണ്ടും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. പൊതുസമൂഹംകൂടി ഇക്കാര്യത്തിൽ ബോധവാന്മാരാകേണ്ടത് അനിവാര്യമാണ്. ഇപ്പോൾ ആളുകൾ കൂടുതലായി ജൈവ ഉൽപന്നങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന തരത്തിലേക്കെത്തിയിട്ടുണ്ട്. വളരെ മോശപ്പെട്ട അവസ്ഥയിലേക്ക് നമ്മുടെ നാട് എത്തിച്ചേരുന്നു എന്നുള്ളതിന്റെ നിരവധിയായ ഉദാഹരണങ്ങളുണ്ട്. രാസകീടനാശിനികളും മറ്റും അമിതമായ രീതിയിൽ ഉപയോഗിച്ച് മണ്ണ് വളരെ

മോശാവസ്ഥയിലെത്തുന്നുണ്ട്. കൃഷി ഭൂമി വിഷഭൂമിയായി മാറുമ്പോൾ അത് നമ്മുടെ ആരോഗ്യത്തെതന്നെയാണ് മോശമാക്കുന്നത്. അവിടെ നിന്നും വിളയുന്ന ഉൽപന്നങ്ങൾ കഴിക്കേണ്ട അവസ്ഥയിലെത്തുന്ന മനുഷ്യരുടെ ആരോഗ്യത്തിൽ അങ്ങേയറ്റം അപകടകരമായ സ്ഥിതിവിശേഷമാണുണ്ടാകുന്നത്. ഇന്ത്യയിൽ 56.4 ശതമാനം രോഗങ്ങളുമുണ്ടാകുന്നത് നമ്മുടെ unhealthy diets മൂലമാണെന്ന് ICMR-National Institute of Nutrition-ന്റെ പഠനത്തിൽതന്നെ പറയുന്നുണ്ട്. അതിൽ ഭക്ഷണക്രമവും ഭക്ഷണവുമുൾപ്പെടുന്നുണ്ട്. പകുതിയിൽക്കൂടുതൽ രോഗങ്ങളും ഉണ്ടാകുന്നതിന് കാരണം അനാരോഗ്യകരമായ ഭക്ഷണമാണെന്നിരിക്കെ അതിന് വളരെയേറെ ഗൗരവം കൊടുക്കേണ്ടതുണ്ട് എന്നതുകൊണ്ടാണ് സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നത്. അത് നമുക്ക് സാധ്യമായിടങ്ങളിലേക്കെല്ലാം വ്യാപിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ പതിനാറ് ഇനം പച്ചക്കറികൾ സംഭരിക്കുന്നുവെന്നാണ് പറയാറുള്ളതെങ്കിലും മൂന്ന് വർഷമായി പച്ചക്കറികളൊന്നുംതന്നെ സംഭരിച്ചിട്ടില്ല. ഒരു വർഷമായി നാളികേര സംഭരണവും കേരളത്തിൽ നടക്കുന്നില്ല. സംഭരിച്ച കർഷകർക്ക് ഒരു വർഷത്തിലധികമായി നാളികേരത്തിന്റെ സംസ്ഥാന വിഹിതം ഇതുവരെ നൽകിയിട്ടുമില്ല. അത് എത്രയും വേഗം നൽകാനുള്ള സംവിധാനമൊരുക്കുമോ; നാളികേരത്തിന്റെയും പച്ചക്കറിയുടെയും സംഭരണം പുനഃസ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, ഇന്നത്തെ ചോദ്യം ജൈവകൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. നമ്മുടെ സഭയിലെ നല്ലൊരു ശതമാനം സാമാജികരും ജൈവകൃഷിയുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് ഇന്ന് ചോദിച്ചത്. അത് സന്തോഷകരമായ കാര്യമാണ്. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുൾപ്പെടെ അമ്പതോളം പേരെങ്കിലും അത്തരത്തിൽ ചോദിച്ചിട്ടുണ്ട്. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീന്റെ ഭാഗത്തുനിന്നും അത്തരത്തിലൊരു ചോദ്യംകൂടി ഉണ്ടാകുമെന്ന്

പ്രതീക്ഷിച്ചതുകൊണ്ടാണ് ഞാൻ ഇത്രയും പറഞ്ഞത്. അദ്ദേഹം പറഞ്ഞത് നാളികേരം, പച്ചക്കറി എന്നിവയുടെ സംഭരണത്തെക്കുറിച്ചാണ്. പച്ചക്കറിക്ക് സംസ്ഥാനം നിശ്ചയിച്ചിരിക്കുന്ന താങ്ങുവിലയെക്കാൾ താഴ്ന്നുപോയിട്ടുണ്ടെങ്കിൽ അവിടെയെല്ലാം പച്ചക്കറി എടുത്തിട്ടുണ്ട്. ഇവിടെ ആദരണീയനായ പ്രതിപക്ഷനേതാവ് അടക്കമുള്ളവർ പറഞ്ഞുകൊണ്ടിരുന്ന പ്രശ്നമാണിത്. ഹോർട്ടികോർപ്പ് വഴി കർഷകരിൽനിന്നും സംഭരിച്ച ഉൽപന്നങ്ങളുടെ ഏതാണ്ട് ജൂലൈ മാസം വരെയുള്ള പണം കൊടുത്തുതീർത്തിട്ടുണ്ട്. കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികളുടെ വില വലിയ താമസമില്ലാതെതന്നെ കൊടുത്തുതീർക്കാൻ സാധിക്കുന്നുണ്ട്. ഓണക്കാലത്തിന്റേത് ഉൾപ്പെടെ ഈ മാസംകൊണ്ടുതന്നെ കൊടുത്തുതീർക്കാൻ സാധിക്കും. അത് കൊടുത്തു തുടങ്ങിയിട്ടുണ്ട്, പൂർണ്ണമായിട്ടില്ല എന്നുള്ളതുകൊണ്ടാണ് ഞാൻ ജൂലൈ വരെ എന്നുപറഞ്ഞത്. നാളികേരത്തിന് നിലവിൽ വില വർധനവുണ്ട്. അത് എവിടെ സംഭരിക്കണമെന്നുണ്ടെങ്കിലും അവിടെയെല്ലാം സംഭരിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. സംഭരിച്ചവയ്ക്കുള്ള തുക അടിയന്തരമായി കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ മണ്ഡലത്തിലെ അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിനിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായാണ് 2017-ൽ മില്ലറ്റ് വില്ലേജ് പദ്ധതി ആരംഭിച്ചത്. 91 ഹാംലെറ്റുകളിലായി 3121 കർഷകരാണ് മില്ലറ്റുകൾ എന്നുപറയുന്ന ചെറുധാന്യങ്ങൾ കൃഷി ചെയ്തിരുന്നത്. അവയ്ക്ക് നല്ല ഡിമാൻഡുണ്ടായിരുന്നു. കൂടാതെ അവ ആഹാരത്തിൽ ഉപയോഗിക്കുന്നതുവഴി ആദിവാസി സമൂഹത്തിനും പോഷകങ്ങൾ പ്രദാനം ചെയ്തിരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്ന ആദിവാസി കർഷകന് സബ്സിഡിയായി കൊടുത്തിരുന്ന 12,000/- രൂപ നിലവിൽ രണ്ട് തവണയായി മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് ആ കൃഷി മുന്നോട്ടുപോകുന്നില്ല. അതുപോലെ ഇതിൽ കോൺട്രാക്ട് തൊഴിലാളികളായി 21 പേർ ജോലി ചെയ്തിരുന്നു. നിലവിൽ ഈ സ്കീം തുടരുന്നുണ്ടോ എന്നറിയില്ല. കഴിഞ്ഞ പതിനാറ് മാസമായി തൊഴിലാളികൾക്ക് ശമ്പളമില്ല, പിരിഞ്ഞുപോകാൻ പറയുന്നുണ്ടെങ്കിലും നിയമപരമായി അവരെ ഒഴിവാക്കിയിട്ടില്ല, ഈ പ്രോജക്ടിന് എക്സ്റ്റൻഷൻ ലഭിച്ചിട്ടുമില്ല. ഇതൊരു പ്രതിസന്ധിയാണ്. അതുകൊണ്ട് ഇതിന് എക്സ്റ്റൻഷൻ

നൽകി, ജീവനക്കാരുടെ കാര്യത്തിൽ കൃത്യമായ തീരുമാനമുണ്ടാകണം. അതുപോലെ കർഷകർക്ക് മുടങ്ങിക്കിടക്കുന്ന സബ്സിഡി അടിയന്തരമായി വിതരണം ചെയ്യാൻ നടപടിയുണ്ടാകുമോ?

ശ്രീ. പി. പ്രസാദ്: സർ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായാണ് മില്ലറ്റ് വില്ലേജ് പദ്ധതി മുന്നോട്ടുകൊണ്ടുപോയത്. ഇത്തരം പദ്ധതികളിൽ സംഭവിക്കുന്ന പ്രശ്നം അവിടെയുമുണ്ടായി. ആളുകളെ നിയമിച്ച് അവർക്ക് ശമ്പളം നൽകി മുന്നോട്ടുപോകുന്ന ഇത്തരം വിഷയങ്ങളിൽ ഗൗരവതരമായ ആലോചന അത്യാവശ്യമാണ്. ആ മേഖലയിലെ കൃഷി, അവരുടെ ഉൽപന്നങ്ങൾ സംഭരിക്കുക, വിപണനം ചെയ്യുക എന്നതാണ് ടി പദ്ധതി ലക്ഷ്യമിട്ടത്. അതിനായി ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 21 കോൺട്രാക്ട് സ്റ്റാഫിനെ നിയമിച്ചാണ് ആ സ്ഥാപനം നടത്തിക്കൊണ്ടുപോയത്. ഗവൺമെന്റിൽനിന്നും ഏതെങ്കിലും മാർഗത്തിൽ പണം നൽകി എത്രനാൾ അതിനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അവിടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളെ വിപണനം ചെയ്യുക എന്നതുൾപ്പെടെ പല കാര്യങ്ങളിൽനിന്നും മാറി ഏറ്റവും പ്രധാനപ്പെട്ട വിഷയം അവിടേയ്ക്ക്

എത്തുക എന്നതാണ്. ഏത് ഗവൺമെന്റാണെങ്കിലും അധികകാലം മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്ത തരത്തിൽ അത് എത്തിച്ചേരും. അട്ടപ്പാടിയുടെ സവിശേഷമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് മില്ലറ്റ് ഉൽപാദനം, വിപണനം എന്നിവ കുറച്ചുകൂടി ശാസ്ത്രീയമായ രീതിയിൽ എങ്ങനെ നടത്തിക്കൊണ്ടുപോകാൻ കഴിയുമെന്ന വലിയ ആലോചനയിലാണ്. പശ്ചിമഘട്ടത്തിന്റെ പ്രത്യേകതയും അട്ടപ്പാടിയുടെ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ട് അവിടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ കൂടുതൽ വിപണനം ചെയ്യുന്നതിനായുള്ള സംവിധാനത്തിലേക്ക് നീങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് പതിനാല് മില്ലറ്റ് കഫേകൾ ആരംഭിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഉള്ളൂരിൽ ആദ്യത്തെ മില്ലറ്റ് കഫേക്ക് തുടക്കമിട്ടിട്ടുണ്ട്. നിയമസഭാ സാമാജികർ അവിടം സന്ദർശിക്കുകയും മില്ലറ്റ് വിഭവങ്ങൾ കഴിക്കുകയും ചെയ്യണം. കൂടാതെ മില്ലറ്റ് ഉൽപന്നങ്ങളും അവിടെ ലഭ്യമാണ്. അവ കൂടുതലായി കൃഷി ചെയ്ത് അട്ടപ്പാടിയിലെ ആദിവാസി ജനതയടക്കമുള്ള കർഷകരെ സഹായിക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ആ സംവിധാനത്തെ വീണ്ടും അതുപോലെ

മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമായിരിക്കും. എന്നാൽ ആവശ്യത്തിനുള്ള ആളുകളെ ഉപയോഗിച്ചുകൊണ്ട് അത് മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നതായിരിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കാർഷിക മിഷൻ രൂപീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചു, നിലവിലത് രൂപീകരിച്ച കാര്യം അദ്ദേഹം വ്യക്തമാക്കുകയുമുണ്ടായി. എന്നാൽ ജൈവ കർഷകരെ സംബന്ധിച്ച് ഏറ്റവും വലിയ പ്രതിസന്ധി മാർക്കറ്റിങാണ്. മിഷന്റെ ഭാഗമായി മാർക്കറ്റിങ് സംവിധാനം കൂടുതൽ വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. പച്ചക്കറി കർഷകരെ സംബന്ധിച്ച് അവരുടെ ഉൽപന്നങ്ങൾ ശേഖരിക്കാൻ ആകെ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സർക്കാർ നിയന്ത്രണത്തിലുള്ള കളക്ഷൻ സെന്ററുകളാണുള്ളത്. അത് ഒരു ജില്ലയിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ മാത്രമാണുള്ളത്. ഉദാഹരണത്തിന് മലപ്പുറം ജില്ലയിൽ ഹോർട്ടികോർപ്പ് സെന്റർ വണ്ടൂരിലാണ്.

ജില്ലയുടെ ഒരറ്റമായ പൊന്നാനിയിൽനിന്നും വണ്ടൂരിൽ ഉൽപന്നങ്ങൾ എത്തിക്കുക എന്നത് പ്രായോഗികമല്ല, അത് കർഷകർക്ക് വലിയ രീതിയിലുള്ള സാമ്പത്തിക നഷ്ടമാണുണ്ടാക്കുന്നത്. അതിനാൽ കൂടുതൽ കളക്ഷൻ സെന്ററുകൾ ആരംഭിച്ച് കർഷകരുടെ മാർക്കറ്റിങ് സംവിധാനം സൗകര്യപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായും കർഷകരെ സഹായിക്കുന്നതാണ്. അതിന്റെ ഭാഗമായി ഞാൻ നേരത്തെ പറഞ്ഞതുപോലെ ജൈവകൃഷി തോട്ടങ്ങളുടെ സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതുണ്ട്. മാർക്കറ്റിങ്ങിന് മുന്നോടിയായി അത് ജൈവ ഉൽപന്നമാണെന്ന് സാക്ഷ്യപ്പെടുത്തണം. അതിനുവേണ്ടി 150 ലക്ഷം രൂപ നീക്കിവച്ചു. ഉത്തമ കൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്ററുകൾക്കുവേണ്ടി 100 ലക്ഷം രൂപ അനുവദിച്ചു. ഞാൻ നേരത്തെ പറഞ്ഞതുപോലെ കർഷകർക്ക് വിപണിയിൽ ഉയർന്ന വില ലഭിക്കുന്നതിനായി പി.ജി.എസ്. സർട്ടിഫിക്കേഷനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് 100 ലക്ഷം രൂപ അനുവദിച്ചു. ജൈവവളത്തിന്റെ ഉൽപാദനവും പലയിടങ്ങളിലും വലിയ പ്രതിസന്ധിയാണ്. Organic Manure എന്ന രീതിയിൽ മോശപ്പെട്ടവയെല്ലാം

വിൽക്കുന്നതും നാം കണ്ടെത്തുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ജൈവവളത്തിന് പ്രോത്സാഹനം നൽകുന്നതിനായി 600 ലക്ഷം രൂപ നീക്കിവച്ചു. വി.എഫ്.പി.സി.കെ. വഴി ജൈവ പഴം-പച്ചക്കറി കൃഷിക്കായി 49 ലക്ഷം രൂപ വകയിരുത്തിയ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇതോടൊപ്പംതന്നെ ഹോർട്ടികോർപ്പ് അടക്കമുള്ള സംവിധാനങ്ങളിൽ കേരളത്തിലുൽപാദിപ്പിക്കുന്ന ജൈവ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനാവശ്യമായ പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അത് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികളിലേക്ക് നീങ്ങിയിട്ടുണ്ട്. കേരള ഗ്രോ ഓർഗാനിക്കിനെക്കുറിച്ച് നേരത്തെ പറഞ്ഞു. പരിശോധനയുടെ അടിസ്ഥാനത്തിൽ ഇതിനോടകംതന്നെ 15 ഉൽപന്നങ്ങൾക്ക് കേരള ഗ്രോ ഓർഗാനിക്ക് എന്ന ബ്രാൻഡിങ് നൽകിക്കഴിഞ്ഞു. കർഷക കൂട്ടായ്മകളുടെ 11 ഉൽപന്നങ്ങൾക്ക് കേരള ഗ്രോ ഗ്രീൻ എന്ന ബ്രാൻഡ് നെയിം നൽകിക്കഴിഞ്ഞു. ഇത്തരത്തിൽ വിപണനത്തിനാവശ്യമായ എല്ലാ സഹായങ്ങളും സാധ്യമാകുന്ന തരത്തിൽ ചെയ്യുന്നുണ്ട്. തീർച്ചയായും അത് വ്യാപിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, ഏറ്റവും ഗുണമേന്മയുള്ള തുവരയാണ് അട്ടപ്പാടിയിലെ തുവര. അത് കേരളത്തിൽ എവിടെയും കിട്ടില്ല. ആയതിനാൽ അട്ടപ്പാടിയിലെ തുവര കൃഷി പ്രോത്സാഹിപ്പിക്കാനും പ്രത്യേക ബ്രാൻഡ് നൽകി സംരക്ഷിക്കാനും ഉൽപാദനം വർധിപ്പിക്കാനുമുള്ള സംവിധാനമേർപ്പെടുത്താൻ കഴിയുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും ഏർപ്പെടുത്തുന്നതാണ്. അട്ടപ്പാടിയുമായി ബന്ധപെട്ട് ഇത്തരം ഉൽപന്നങ്ങൾക്ക് ജി.ഐ. (Geographical Indication) ലഭിച്ചിട്ടുണ്ട്. അത്തരം ഉൽപന്നങ്ങൾക്ക് ജി.ഐ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനും അതിന് ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകുന്നതിനുമുള്ള ശ്രമത്തിലാണ് നിലവിൽ ഏർപ്പെട്ടിരിക്കുന്നത്. അട്ടപ്പാടിയിൽ ജൈവരീതിയിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളെ നന്നായി മാർക്കറ്റ് ചെയ്യുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെടുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആ മേഖലയിൽ ഈ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും മെച്ചമുണ്ടാകുമെന്നുതന്നെയാണ് കണക്കുകൂട്ടുന്നത്.

ശ്രീ. മാണി സി. കാപ്പൻ: സർ, പാലാ നിയോജകമണ്ഡലത്തിലെ രാമപുരം പഞ്ചായത്തിൽ ഒരു കർഷകൻ പത്ത് ഏക്കർ സ്ഥലം പാട്ടത്തിനെടുത്ത് വർഷങ്ങളായി കൃഷിചെയ്തുവരികയായിരുന്നു. നല്ല നിലയ്ക്ക് കൃഷി നടന്നിരുന്ന ആ സ്ഥലത്ത് ഈ വർഷം സർക്കാരിന്റെതന്നെ ഫാമായ കോല ഫാമിൽനിന്നും വിത്ത് വാങ്ങി നട്ടു. വിത്ത് മുളച്ച് കതിരായപ്പോൾ ഉണ്ടായതു മുഴുവൻ പതിരായി. ഈ വിഷയം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആ കർഷകന് നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ആ വിഷയം പരിശോധിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, സുരക്ഷിത ഭക്ഷണം ഒരുക്കുന്നതിനുവേണ്ടി ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് നടത്തുന്ന പ്രവർത്തനത്തെ അഭിനന്ദിക്കുന്നു. നമ്മുടെ നാട്ടിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സുരക്ഷിത ഭക്ഷണം ഒരുക്കുന്നതിന് പപ്പായ, അഗസ്തി ചീര, പേരയ്ക്ക തുടങ്ങിയ നാടൻ വിഭവങ്ങൾ ഉപയോഗിക്കുന്ന ശൈലി പുതിയ തലമുറയിൽ കുറഞ്ഞുവരികയാണ്. വീട്ടിലുള്ള പേര മരത്തിൽ

പേരയ്ക്ക നിൽക്കുമ്പോഴാണ് ആപ്പിൾ വാങ്ങാൻ പോകുന്നത്. വീട്ടിൽ പപ്പായ വച്ചിട്ടാണ് ഓറഞ്ച് വാങ്ങാൻ പോകുന്നത്. ഈ ശൈലിയിലേയ്ക്ക് നമ്മൾ പോകുകയാണ്. വീട്ടിലുണ്ടാകുന്ന നാടൻ വിഭവങ്ങളുടെ ഗുണമേന്മയെ സംബന്ധിച്ച് ബോധ്യമില്ല. സുരക്ഷിത ഭക്ഷണമൊരുക്കുന്ന ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ, നാടൻ വിഭവങ്ങൾ, നാട്ടറിവ്, നാട്ടുവൈദ്യം എന്നിവയെ സംബന്ധിച്ച് ഒരു ബോധവൽക്കരണംകൂടി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ട് ജൈവകൃഷി പോലുള്ളവ ഗവൺമെന്റ് ഏറ്റെടുക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇത് നല്ലൊരു നിർദേശമാണ്. ജൈവകൃഷി മിഷൻ രൂപീകരണത്തോടൊപ്പംതന്നെ പോഷക സമൃദ്ധി മിഷനും സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. ആദ്യമായിട്ടാണ് ഇത്തരം പ്രവർത്തനത്തെ രണ്ട് മിഷൻ മോഡിൽ കൊണ്ടുപോകുന്ന കാര്യം ആലോചിച്ചത്. നമുക്കുള്ള പോഷകാഹാരക്കുറവ് ആരോഗ്യ മേഖലയിലെ വിദഗ്ധർ അവരുടെ റിപ്പോർട്ടിലൂടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായതിനാൽ നമുക്ക് ലഭ്യമാകുന്ന ഇത്തരം പഴവർഗ്ഗങ്ങൾ ഭക്ഷണത്തിന്റെ

ഭാഗമാക്കേണ്ടതുണ്ട്. ഞാൻ നേരത്തെയും സഭയിൽ പറഞ്ഞിട്ടുണ്ട്, ICMR (The Indian Council of Medical Research)-ന്റെ കണക്കനുസരിച്ച് ഒരു ദിവസം ഒരാൾ 100 ഗ്രാം പഴവർഗ്ഗങ്ങൾ കഴിക്കണമെന്നാണ് ഇപ്പോഴത്തെ ഏറ്റവും പുതിയ റിപ്പോർട്ടിലും പറയുന്നത്. ജ്യൂസ് രൂപത്തിലല്ല പഴവർഗ്ഗങ്ങളായിതന്നെ കഴിക്കണമെന്ന് പ്രത്യേകം പറയുന്നുണ്ട്. അങ്ങനെ കഴിക്കുന്നില്ലെന്നാണ് ആരോഗ്യ മേഖലയിലെ മറ്റ് പഠനങ്ങളും കാണിക്കുന്നത്. ഇത് ആരോഗ്യത്തെ ഏറ്റവും ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നുവെന്നത് കണക്കിലെടുത്തുകൊണ്ടാണ് പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനത്തിലേയ്ക്ക് സർക്കാർ നീങ്ങിയിരിക്കുന്നത്. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ, ആരോഗ്യ വകുപ്പിന്റെ ഉൾപ്പെടെ സഹായത്തോടുകൂടി പ്രാദേശികമായി ബോധവൽക്കരണം നടത്തി കർഷകരുടെയും പൊതുജനങ്ങളുടെയുമെല്ലാം സഹകരണത്തോടെയും പങ്കാളിത്തത്തോടെയും ആ പരിപാടി നടപ്പിലാക്കുമ്പോൾ മെച്ചപ്പെട്ട ആരോഗ്യം സൃഷ്ടിച്ചെടുക്കാനും ഇതുമായി ബന്ധപ്പെട്ട കൃഷിയിലേർപ്പെട്ടവർക്ക് സഹായം നൽകാനും കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ആ

തരത്തിലുള്ള പ്രവർത്തനങ്ങളിലേയ്ക്ക് സംസ്ഥാന കൃഷി വകുപ്പ് മുൻകൈയെടുത്ത് നടപടികൾ ആരംഭിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി കോർപ്പറേഷനിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. ഏകദേശം 94.88 ചതുരശ്ര കിലോമീറ്ററുള്ള കൊച്ചി കോർപ്പറേഷനിൽ 74 ഡിവിഷനുകളും 13 വില്ലേജ് ഓഫീസുകളുമുണ്ട്. അവിടെ ആകെ ഒരു കൃഷി ഓഫീസ് മാത്രമാണുള്ളത് വൈറ്റിലയിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ ഒരു അഗ്രികൾച്ചറൽ ഫീൾഡ് ഓഫീസറും ഒരു അസിസ്റ്റന്റ് കൃഷി ഓഫീസറും രണ്ട് അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുമടക്കം 4 ഉദ്യോഗസ്ഥരാണുള്ളത്. കൊച്ചി കോർപ്പറേഷനിൽ മാത്രം 1800-ഓളം കർഷകരും കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമുണ്ട്. കൂടാതെ ടെറസ് കൃഷി നടത്തുന്ന ആളുകളും റസിഡൻസ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ ഗ്രൂപ്പായി കൃഷി നടത്തുന്ന ആളുകളുമുണ്ട്. ഏകദേശം 7 ലക്ഷം ജനങ്ങളുള്ള ഇത്രയും വിസ്തൃതമായ പ്രദേശത്ത് ഒരു കൃഷി ഓഫീസ് മാത്രമാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ കത്ത് നൽകിയിരുന്നു. അതിന് ഒരു

നടപടിയുമുണ്ടായിട്ടില്ല. തരം മാറ്റലിനായി ഏകദേശം നാലായിരത്തോളം അപേക്ഷകൾ പെൻഡിംഗ് കിടക്കുകയാണ്. ഒരു നടപടിയും സ്വീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. അതുകൊണ്ട് പടിഞ്ഞാറൻ കൊച്ചിയിൽ അടിയന്തരമായി ഒരു കൃഷി ഓഫീസ് അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തരം മാറ്റത്തിനുവേണ്ടി കൃഷി ഓഫീസറെ നിയമിക്കുന്നത് പ്രയാസമുള്ള കാര്യമാണ്. അനിവാര്യമായതും നിയമപരമായി ലഭ്യമാകേണ്ടതും ലഭ്യമാകണ്ട എന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. നേരത്തെ കോർപ്പറേഷൻ രൂപീകരിക്കുമ്പോഴുള്ള ഒരു പ്രശ്നമായിരുന്നു ഇത്. ഒരു കൃഷി ഭവൻ മാത്രമേ അന്ന് അതിന്റെ പരിധിയിൽ വന്നിരുന്നുള്ളൂ. അവിടെ കൂടുതൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാം. ഇപ്പോഴത്തെ സാഹചര്യത്തിൽ പുതിയ ഒരു പോസ്റ്റ് ക്രിയേറ്റ് ചെയ്യുക എന്നത് പ്രയാസമുള്ള കാര്യമാണ്. തരം മാറ്റം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേകമായി എന്തെങ്കിലും ഏർപ്പാട് ചെയ്യാൻ സാധിക്കുമോയെന്ന് നോക്കുന്നതായിരിക്കും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കീടനാശിനികളുടെ അമിത പ്രയോഗം കൃഷിഭൂമി വിഷഭൂമിയാക്കുന്നു എന്ന താങ്കളുടെ അഭിപ്രായത്തോട് പൊതുവേ യോജിക്കുകയാണ്. പ്രകൃതിയിൽനിന്നുതന്നെ കണ്ടെടുക്കാൻ കഴിയുന്ന കീടപ്രതിരോധ മാർഗങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. കൃഷി നാശത്തിന് കാരണമാകുന്ന കീടങ്ങളെ തങ്ങളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന ചെണ്ടുമല്ലി ഉൾപ്പെടെയുള്ള തനത് പൂകൃഷികൾ നമ്മുടെ കൃഷിയിടങ്ങളുടെ വരമ്പുകളിലും അതിർത്തികളിലും സ്ഥാപിച്ചാൽ മിത്രകീടങ്ങളെ ആകർഷിക്കാനും കീടാക്രമണത്തെ തടുക്കാനും കഴിയും. ഇതിനെല്ലാം നേതൃത്വം കൊടുക്കാൻ കഴിയുന്ന നിലയിലേയ്ക്ക് കൃഷി ഭവനുകളെ ശാക്തീകരിക്കുകകൂടി ലക്ഷ്യം വയ്ക്കേണ്ടതുണ്ട്. അതിനെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായം രേഖപ്പെടുത്താമോ?

ശ്രീ. പി. പ്രസാദ്: സർ, വളരെ നല്ല നിർദേശമാണ് അദ്ദേഹം പറഞ്ഞത്. ഇടവേളയായി പൂകൃഷി ചെയ്യുന്നത് വളരെ സഹായകമാകുന്നുവെന്നതിന് ഞാനും അനുഭവസ്ഥനാണ്. ഓണക്കാലവുമായി ബന്ധപ്പെട്ട് ഞാനും ആയിരത്തി അഞ്ഞൂറ് മൂടിൽ കൂടുതൽ ചെണ്ടുമല്ലി കൃഷി ചെയ്തു. പച്ചക്കറി കൃഷിക്കിടയിൽ

ചെണ്ടുമല്ലി കൃഷിയുണ്ടെങ്കിൽ, അവയുടെ പൂക്കളുണ്ടെങ്കിൽ ശത്രുകീടങ്ങളെ അകറ്റാൻ കഴിയുമെന്നുള്ളത് എന്റെയും അനുഭവം തന്നെയാണ്. ബുദ്ധിമുട്ടില്ലാതെ ആ കൃഷി മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുന്നതാണ്. തീർച്ചയായും എല്ലാവരിലേയ്ക്കും അവബോധം എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും. അങ്ങ് പറഞ്ഞതുപോലെതന്നെ പരിസ്ഥിതിയുടെ ആരോഗ്യം സംരക്ഷിക്കപ്പെടാതെ മനുഷ്യന്റെ ആരോഗ്യം സംരക്ഷിക്കാൻ പറ്റില്ല. നമ്മുടെ മണ്ണിന്റെയും വെള്ളത്തിന്റെയും വായുവിന്റെയും ആരോഗ്യത്തെ പരിഗണിക്കാതെയാണ് നമ്മൾ നമ്മുടെ ആരോഗ്യ കാര്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പ്രകൃതിയുടെ ആരോഗ്യം പരിഗണിക്കാതെ മനുഷ്യന്റെ ആരോഗ്യം മുന്നോട്ടുപോകില്ല എന്നുള്ളതുകൊണ്ട് ഇത് രണ്ടും ഒരുപോലെ സംരക്ഷിക്കപ്പെടേണ്ടവയാണെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് കൂടിയാണ് വിഷരഹിതമായ സുരക്ഷിത ഭക്ഷണം എന്ന കാര്യത്തെക്കുറിച്ച് നമ്മൾ പറയുന്നത്. അതിന് സ്വീകരിക്കാൻ കഴിയുന്ന ഇത്തരം മാർഗങ്ങളെല്ലാം സ്വീകരിക്കണമെന്നുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. അങ്ങ് പറഞ്ഞ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിലെ

ജീവനക്കാർക്ക് പ്രത്യേകമായി ഈ കാര്യങ്ങൾക്കുള്ള പരിശീലനങ്ങളടക്കം നൽകുന്നതായിരിക്കും. പൊതുജനങ്ങൾ ഈ കാര്യത്തിൽ നല്ലതുപോലെ സഹകരിക്കേണ്ടതുണ്ട്. ജൈവ കാർഷിക മിഷന്റെ ഉത്തരവിനകത്തുതന്നെ അത് പറഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ നമ്മുടെ ജനപ്രതിനിധികൾ വലിയ ഗൗരവം കാണിച്ചാൽ ഓരോ മണ്ഡലയടിസ്ഥാനത്തിലും നല്ല മാറ്റം നിർവഹിക്കാൻ കഴിയും. നിരവധിയായ എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളുമായി ബന്ധപ്പെടുത്തി തനതായ കാർഷിക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിനോടൊപ്പം ജൈവകൃഷിയെക്കൂടി പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മുന്നോട്ടുപോകാൻ കഴിയും. അതിലൊന്ന് ശ്രീ. കെ. ഡി. പ്രസേനന്റെ മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ട്. എം.എൽ.എ.-മാർ അവരുടെ അനുഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുകകൂടി ചെയ്താൽ അത് വളരെ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

(*123) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. എം. മണി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങളെ ശാക്തീകരിക്കുക, സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി അവർക്ക് സാമൂഹ്യനീതി ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ച ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അതിന് പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന വായ്പാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് മറ്റെന്തെല്ലാം പദ്ധതികളാണ് പ്രസ്തുത കോർപ്പറേഷൻ വഴി നടപ്പാക്കി വരുന്നത്; വ്യക്തമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ) ഉണ്ട്. സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങൾക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിലൂടെ ന്യൂനപക്ഷ ശാക്തീകരണം നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. നാളിതുവരെ 6300 ഗുണഭോക്താക്കൾക്കായി 250 കോടിയോളം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ വായ്പ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സ്വയംതൊഴിൽ വായ്പ (NMDFC)

2. വിദ്യാഭ്യാസ വായ്പ (NMDFC)

3. മൈക്രോ ഫിനാൻസ് (NMDFC)

4. സ്വയംതൊഴിൽ വായ്പ (KSMDFC)

5. ബിസിനസ്സ് വിപുലീകരണ വായ്പ

6. പേരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ)

7. പ്രവാസി സ്വയംതൊഴിൽ വായ്പ

8. വിസ വായ്പ

9. ഭവന വായ്പ

10. ഉദ്യോഗസ്ഥ വായ്പ (വിവിധോദ്ദേശം)

11. മദ്രസ്സ അദ്ധ്യാപകർക്കുള്ള പലിശരഹിത ഭവന വായ്പ

12. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ

13. വിവാഹ വായ്പ

14. ചികിത്സാ വായ്പ

സംസ്ഥാനത്തെ പൊതുമേഖല ബാങ്കുകൾ മറ്റ് അംഗീകൃത സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കോർപ്പറേഷൻ വളരെ കുറഞ്ഞ പലിശ നിരക്കിലാണ് ഈ വായ്പകൾ നൽകിവരുന്നത്. പ്രസ്തുത വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നിരന്തരമായി ഇടപെടുന്നുണ്ട്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ന്യൂനപക്ഷ മേഖലയിൽ സർക്കാർ നടത്തുന്ന നടപടികളെ അഭിനന്ദിക്കുകയാണ്. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. ഇതിന് പകരമായി ഏതെങ്കിലും തരത്തിലുള്ള പുതിയ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കേന്ദ്ര ഗവൺമെന്റ് നിരവധി സ്കോളർഷിപ്പുകൾ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ട്. നിർത്തലാക്കുന്ന

സ്കോളർഷിപ്പുകൾക്കുപകരം 'മാർഗദീപം' എന്ന പേരിൽ പുതിയ സ്കോളർഷിപ്പ് പദ്ധതി തുടങ്ങാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമുള്ള തുക നീക്കിവച്ചിട്ടുണ്ട്. അടിയന്തരമായി അത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന് നിലവിൽ കോഴിക്കോട് ഒരു ഹെഡ് ഓഫീസും 5 റീജിയണൽ ഓഫീസും മാത്രമാണുള്ളത്. അധിക ശാഖകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ, വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ സംസ്ഥാനത്ത് അഞ്ച് ജില്ലകളിലാണ് ഇത്തരം സ്ഥാപനങ്ങളുള്ളത്. വിവിധ എം.എൽ.എ.-മാരുടെ ആവശ്യപ്രകാരവും ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ നിർദേശപ്രകാരവും സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ന്യൂനപക്ഷ ഫിനാൻസ് കോർപ്പറേഷന്റെ പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം BSNL-ന്റെ ഉടമസ്ഥതയിലുള്ള

സംസ്ഥാനത്തെ 11 കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് അവിടെ ഫിനാൻസിംഗ് സ്ഥാപനങ്ങൾ തുടങ്ങാനാണ് ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(*123...തുടർച്ച...ശ്രീ. എം. എം. മണി)

**P.11-10-2024**
RA-VS (1)
9.50-10.00

(ചോദ്യം നമ്പർ *123 തുടർച്ച........)

<u>ശ്രീ. എം. എം. മണി</u>: സർ, ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ഓഫീസുകളില്ലാത്ത പുതിയ കേന്ദ്രങ്ങളിൽ പുതിയ ഓഫീസുകൾ ആരംഭിച്ച് പ്രവർത്തനം വിപുലീകരിക്കുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി സംസ്ഥാനത്തൊട്ടാകെ സർക്കാർ സർവീസുൾപ്പെടെയുള്ള തൊഴിൽ മേഖലയിലെ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുംവേണ്ടി 14 ജില്ലകളിലായി 24 പരിശീലന കേന്ദ്രങ്ങളും 27 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് പുതിയതായി കോച്ചിംഗ് സെന്ററുകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പുതിയ കോച്ചിംഗ് സെന്ററുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട്

സമർപ്പിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ ശിപാർശകൂടി പരിഗണിച്ചായിരിക്കും പുതിയ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഡി. കെ. മുരളി): സർ, വിദേശ സർവകലാശാലകളിലെ വിവിധ കോഴ്സുകൾ പഠിക്കുന്നതിന് പോകാൻ വിദ്യാർഥികൾക്ക് ആഗ്രഹമുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളെ സഹായിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ എന്തെല്ലാമാണ്; അതിനുവേണ്ടിയുള്ള പ്രത്യേക സ്കീമുകളുടെ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിദേശ പഠനത്തിന് സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്. വിദേശ സർവകലാശാലകളിൽ വിവിധ ബിരുദബിരുദാനന്തര പി.എച്ച്.ഡി. കോഴ്സുകൾ പഠിക്കുന്നവർക്കാണ് ധനസഹായം നൽകുന്നത്. വിദ്യാർഥികൾ വിദ്യാഭ്യാസത്തിനെടുക്കുന്ന വായ്പയുടെ പലിശയുള്ള ധനമായി നിലവിൽ അഞ്ച് ലക്ഷം രൂപവരെയാണ് നൽകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 30 കുട്ടികൾക്കായി 146.61 ലക്ഷം രൂപ അനുവദിച്ചു. 2024-25 സാമ്പത്തിക വർഷം 1,70,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന

ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി (വിദേശ പഠനത്തിനുൾപ്പെടെയുള്ള) പാരന്റ് പ്ലസ് വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു. 60 മാസക്കാലാവധിയിൽ 7% പലിശ നിരക്കിൽ പരമാവധി 20,00,000 രൂപവരെ അനുവദിക്കും. ഇതിന് കുടുംബ വാർഷിക വരുമാന പരിധി ബാധകമല്ല. പ്രായപരിധി 65 വയസ്സാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ന്യൂനപക്ഷങ്ങളോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം നമുക്ക് വ്യക്തമാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ ഗവൺമെന്റാണ് രാജ്യത്ത് ഏറ്റവും മാതൃകാപരമായി ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നത്. ഇക്കാലയളവിൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ന്യൂനപക്ഷങ്ങളുടെ പ്രവർത്തനങ്ങൾക്കുവേണ്ടി/ശാക്തീകരണത്തിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ മതന്യൂനപക്ഷ വിഭാഗങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസം, സാമൂഹിക, സാമ്പത്തിക, തൊഴിൽ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനുമുള്ള നടപടികൾ

ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നടപ്പിലാക്കുന്നത്. 2023 ആഗസ്റ്റ് മാസം 7-ാം തീയതി ചുമതലയേറ്റ നാലാമത് കമ്മീഷൻ തീർപ്പുകൽപ്പിക്കുവാൻ അവശേഷിക്കുന്ന ഹർജികളിൽ പരിഹാരം കാണുന്നതിനായി വിവിധ ജില്ലകളിൽ സിറ്റിംഗുകൾ നടത്തി ഭൂരിഭാഗം ഹർജികളും തീർപ്പാക്കിയിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം സംസ്ഥാനത്തുടനീളമുള്ള ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കിടയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 14 ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിച്ചു. സംസ്ഥാനത്ത് സൂക്ഷ്മ ന്യൂനപക്ഷങ്ങളായ ബുദ്ധ-ജൈന-സിക്ക്-പാഴ്സി വിഭാഗങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് എറണാകുളം ജില്ലയിൽ 03-02-2024-ന് സെമിനാർ സംഘടിപ്പിച്ചു. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ കേരള മീഡിയ അക്കാദമിയുടെ സഹകരണത്തോടുകൂടി സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെ സംസ്ഥാനത്തെ സാന്നിധ്യം അവരുടെ വിദ്യാഭ്യാസ, സാമൂഹിക പശ്ചാത്തലം സംബന്ധിച്ച് തയ്യാറാക്കിയ പഠന റിപ്പോർട്ട് 2024 സെപ്റ്റംബർ 11-ന് സർക്കാരിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒരു ലക്ഷം യുവതീയുവാക്കൾക്ക് കേരള നോളജ് എക്കോണമി മിഷനുമായി ചേർന്ന് തൊഴിൽ

ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനുള്ള ക്യാമ്പയിന് ന്യൂനപക്ഷ കമ്മീഷൻ നേതൃത്വം നൽകുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 1994-ൽ ന്യൂനപക്ഷക്ഷേമ പദ്ധതിയായി കേന്ദ്ര ഗവൺമെന്റിന്റെ സപ്പോർട്ടോടുകൂടി ആരംഭിച്ച ഏര്യ ഇന്റൻസീവ് പ്രോഗ്രാമുണ്ട്. ടി പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിൽ എ.ഐ.പി. സ്കൂളുകൾ നിലവിൽവന്നു. എ.ഐ.പി. സ്കൂളുകളിലെ അധ്യാപകർക്ക് 2003 മുതൽ സംസ്ഥാന ഗവൺമെന്റ് ശമ്പളം നൽകുകയും സ്കൂളുകളായി അംഗീകാരം നൽകുകയും ചെയ്തു. 2003 മുതൽ **എയ്ഡഡ്** സ്റ്റാറ്റസുണ്ടായിരുന്ന ടി സ്കൂളുകൾക്ക് 2015 മുതൽ **എയ്ഡഡ്** സ്റ്റാറ്റസാക്കി പുനർനിർണ്ണയിച്ചു. 2016-ൽ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടി അധ്യാപകർക്ക് എയ്ഡഡ് സ്റ്റാറ്റസിലുള്ള മറ്റ് എയ്ഡഡ് സ്കൂളുകൾക്ക് ലഭിക്കുന്നതുപോലെയുള്ള എല്ലാ ആനുകൂല്യങ്ങളും പോസ്റ്റ് ക്രിയേഷനുൾപ്പെടെ നടക്കുന്നുണ്ട്. എന്നാൽ എ.ഐ.പി. സ്കൂളുകൾ ന്യൂനപക്ഷങ്ങൾ മാത്രം നടത്തുന്ന സ്കൂളുകളാണ്. ആ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പ്രൊട്ടക്റ്റഡ് ഹാൻഡ്സിനെ മാത്രമേ നിയമിക്കാവൂവെന്നാണ് പറയുന്നത്. പോസ്റ്റ് ക്രിയേഷന് മറ്റ് എയ്ഡഡ് സ്കൂളുകൾക്ക് ബാധകമായ നിയമം ആ സ്കൂളുകൾക്ക് ബാധകമാക്കാതെ

ന്യൂനപക്ഷങ്ങൾ മാത്രം നടത്തുന്ന ടി സ്കൂളുകളിൽ അധ്യാപക നിയമനത്തിന് അംഗീകാരം കൊടുക്കുന്ന കാര്യത്തിൽ വിവേചനമുണ്ട്. അക്കാര്യത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് താങ്കൾ ഇടപെടുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ വിദ്യാഭ്യാസ മേഖലയിൽ നിരവധി മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. അതിന്റെ ഭാഗമായാണ് സമൂഹത്തിലെ മറ്റുള്ളവരെപോലെ ജീവിക്കാൻ കഴിയാത്ത നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി പ്രത്യേക റിസർവേഷൻ നടപ്പിലാക്കിയത്. അതോടൊപ്പംത്തന്നെ പ്രൊട്ടക്റ്റഡ് അധ്യാപകരെ സംരക്ഷിക്കുകയെന്നത് ഈ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പ്രൊട്ടക്റ്റഡ് അധ്യാപകരെന്ന് പറഞ്ഞാൽ ഒരു നിശ്ചിത എണ്ണം മാത്രമേയുണ്ടാകുകയുള്ളൂ. അതിനുശേഷം വരുന്ന കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നാണ് തോന്നുന്നത്.

## തോട്ടവിളകളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി

(*124) ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. ജോബ് മൈക്കിൾ:

ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടവിളകളായ റബ്ബർ, കാപ്പി, കൊക്കോ തുടങ്ങിയവ ഉൽപാദിപ്പിക്കുന്ന കർഷകരെ സഹായിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ബി) റബ്ബർ, കാപ്പി, കൊക്കോ തുടങ്ങി ഏഴിനം തോട്ടവിളകളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട് യൂറോപ്യൻ രാജ്യങ്ങൾ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിബന്ധനകൾ ഒഴിവാക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(സി) അത്യുല്പാദനശേഷിയുള്ള കൊക്കോ തൈകൾ ഉൽപാദിപ്പിക്കുന്ന പ്രാദേശിക കർഷകർക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

അറിയിക്കുമോ; കാർഷിക സർവകലാശാല ഇക്കാര്യത്തിൽ തദ്ദേശീയർക്ക് കൂടുതൽ പരിഗണന നൽകി ഇത്തരം തൈകൾ ഉൽപാദിപ്പിക്കുന്നവർക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത വിളകൾക്ക് നൽകുന്ന ഇൻഷ്വറൻസ് സംരക്ഷണം, പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിള നാശത്തിനുള്ള നഷ്ടപരിഹാരം, കേന്ദ്ര സംസ്ഥാന പദ്ധതികളായ സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ, മൂല്യവർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി എന്നിവയിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള, മുഖാന്തരം നടപ്പിലാക്കുന്ന `മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ` പദ്ധതിയിലുൾപ്പെടുത്തി കൊക്കോ കർഷകരെ സഹായിക്കുന്നതിന് വിള വിസ്തൃതി വ്യാപനം, വിളവെടുപ്പാനന്തര പരിപാലനം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു.

കാർഷിക സർവകലാശാല തോട്ടവിള കർഷകർക്കായി പരിശീലന പരിപാടികളും മറ്റുസേവനങ്ങളും ലഭ്യമാകുന്നുണ്ട്. 2015-2016 മുതൽ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ബോണസ് പദ്ധതിപ്രകാരം 2024-25 വരെ 2074.31 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2021-22-ൽ കാപ്പിക്ക് വിലകുറഞ്ഞ സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ സുൽത്താൻ ബത്തേരി കാർഷിക മൊത്ത വ്യാപാര വിപണി മുഖാന്തരം വിപണി വിലയേക്കാൾ 10 രൂപ അധികം നൽകി 498.11 മെട്രിക് ടൺ കാപ്പി സംഭരിച്ച് കർഷകരെ സഹായിച്ചിട്ടുണ്ട്.

തോട്ടവിള മേഖലയുടെ സമഗ്ര വികസനത്തിന് ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയിൽ റബ്ബറും കാപ്പിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) അത്യുല്പാദനശേഷിയുള്ള കൊക്കോ തൈകൾ ഉല്പാദിപ്പിക്കുന്ന പ്രാദേശിക കർഷകർക്ക് അംഗീകാരം നൽകിവരുന്നത് 'ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആൻഡ് കൊക്കോ ഡെവലപ്പ്മെന്റ്' എന്ന സ്ഥാപനമാണ്.

പ്രാദേശിക കൊക്കോ നഴ്സറികൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ റബ്ബർ കൃഷിക്ക് വൻപ്രാധാന്യം നൽകുന്ന റബ്ബർ ബോർഡ് കേരളത്തിലെ റബ്ബർ കൃഷിയോട് കാണിക്കുന്ന കടുത്ത വിവേചനം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, നിരവധിയായ കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ, നമ്മുടെ സംസ്ഥാനത്തോട് അല്ലെങ്കിൽ റബ്ബർ കൃഷി ചെയ്യുന്നവരോട് വളരെ നിഷേധാത്മകമായ സമീപനമാണ് റബ്ബർ ബോർഡും മറ്റും സ്വീകരിക്കുന്നതെന്ന് പറയാൻ കഴിയും. എന്നാൽ കേരളത്തിലെ ഗവൺമെന്റ് അങ്ങനെയല്ല. ഇതിനോടകം ഗവൺമെന്റ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ 2024-25-ൽ 2074.31 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2015-16 മുതലുള്ളതാണത്. ഇതിന്റെ ഭാഗമായി ഇത്രയെല്ലാം സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നത് ചെറിയ കാര്യമല്ല. റബ്ബർ ബോഡിനുമുമ്പാകെയും കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെയും ഇതുമായി ബന്ധപ്പെട്ട് നിരവധി തവണ നമ്മുടെ

ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അവരുടെ ഭാഗത്തുനിന്നും ഇതുവരെയും കാര്യമായ ഇടപെടലുണ്ടായിട്ടില്ല. വീണ്ടും ആ ശ്രമങ്ങളിലേർപ്പെടുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളത്തിലെ തോട്ടം മേഖലയുടെ വൈവിധ്യവത്ക്കരണം സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം.-ന്റെ പഠന റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ കേരള പ്ലാന്റേഷനെ ആഗോള ബ്രാൻഡ് ആക്കുന്നതിനും ആധുനിക വെയർ ഹൗസുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും അത്തരം കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുകയാണ്. നിലവിൽ കേര പ്രോജക്ടിന്റെ ഭാഗമായി പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ട് നിരവധിയായ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് കേരളത്തിൽ ആദ്യമായിട്ടാണ് അത്തരം കാര്യങ്ങളിലേയ്ക്ക് നീങ്ങുന്നത്. ആ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, റബ്ബർ കൃഷിക്കാരെയും കാപ്പി കൃഷിക്കാരെയും സഹായിക്കാൻ കേര പദ്ധതിയിൽ എന്തെങ്കിലും നിർദേശങ്ങളുണ്ടോ; അവ നടപ്പിലാക്കാൻ സാധിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായിട്ടുമുണ്ട്. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിൽ ആദ്യമായി റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കേര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പുമായും പ്ലാന്റേഷനുമായും ആലോചിച്ചിട്ടാണ് അതെല്ലാം ചെയ്തിരിക്കുന്നത്. ആദ്യമായി 30000 ഹെക്ടറിൽ റീ പ്ലാന്റിംഗിനുവേണ്ടി സഹായം നൽകുന്ന തരത്തിലേയ്ക്ക് തീരുമാനിച്ചിട്ടുണ്ട്. 30000 ഹെക്ടർ എന്നുപറയുമ്പോൾ ഏതാണ്ട് 74000 ഏക്കറിൽ കൂടുതൽ വരും. റബ്ബറിന്റെ പുനർനടീലിനും 1360 ഹെക്ടറിൽ കാപ്പിയുടെ പുനർനടീലിനും സാമ്പത്തിക സഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നഴ്സറികൾക്കുവേണ്ടി സഹായം നൽകാൻ ആ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പാർഷ്യൽ ക്രെഡിറ്റ് ഗ്യാരന്റി എന്ന തരത്തിലേയ്ക്ക് റബ്ബർ, കാപ്പി, ഏലം എന്നിവയ്ക്കുവേണ്ടി 165 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുവേണ്ടി വി.എഫ്.പി.സി.കെ.-യുടെ മാതൃകയിൽ കേരളത്തിന്റെ കാർഷിക മേഖലയ്ക്കുവേണ്ടി പ്രത്യേകിച്ചും പ്ലാന്റേഷൻ മേഖലയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ പോകുന്ന പരിപാടികളാണ്. അത് കേര പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുകയും ചെയ്യും.

ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)